# THE KUDUMBA DEEPAM.



Vol. V.) November 1934. (No. 11.

## വിഷയവിവരം.

1. ജൂബിലി ബന്ധവിമോചനം പ്രാപിക്കുവാൻ...................... 321.
2. ശ്രീമരീസ്തവം..........................................................326.
3. ക്ലാസ്സ് മുറിയിലെ കൊലപാതകം................................ ,,
4. കത്തോലിക്കാ യുവജനങ്ങളും സമുദായോദ്ധാരണവും........... 334.
5. അശുപത്രിയിലെ ഒരു രോഗി........................................ 336.
6. ജ്ഞാനസ്നാനകർമ്മം................................................ 346.
7. പൊതുനിയോഗം..................................................... 348.
8. പുസ്തകാഭിപ്രായം.................................................... 349.
9. കുറിപ്പുകൾ.............................................................351.
10. പരസ്യങ്ങൾ............................................................. 352.

The cross has accompanied me from the cradle; but, then, Jesus has made me love it passionately.

HE LITT[illegible] [illegible]OWER.

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനിസ് ദന്തവൈദ്യൻ.
## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമപല്ലുകൾ വെച്ചുകൊടുക്കുകയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമനിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൮-൰൮-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൰൮-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു്. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള പ്രതിഔഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു്.


പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ.


---

# മാന്യവരിക്കാർ അറിവാൻ.

തോറകൽ, കൊച്ചി, കുമ്പളങ്ങി, ചെല്ലാനം, അണ്ടിക്കടവ്, അരൂക്കുററി, ചേർത്തല, ചെമ്പ്, തുറവൂർ, തൈക്കാട്ടുശ്ശേരി, വൈക്കം, എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി: പടിയ്ക്കപ്പറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യതാമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.




Eternal rest give unto them, O Lord, and let perpetual light shine upon them.
May they rest in peace, Amen.

# കുടുംബദീപം.

പുസ്തകം ൭. } നവംബർ ൧൯൩൪. { ലക്കം ൧൧.


## ജൂബിലി
## ദണ്ഡവിമോചനം പ്രാപിക്കുവാൻ.

(എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇടയലേഖനത്തിൽനിന്ന്)

നമ്മുടെ ദിവ്യരക്ഷകന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ൧൯-ാം ശതാബ്ദപൂർത്തി എത്രയും ഭക്തിസംവർദ്ധകമായ ആഡംബരങ്ങളോടുകൂടി ആഘോഷിക്കുന്നതിനും, അതിൽനിന്നു വിശ്വാസികൾക്കു അനേകം ആദ്ധ്യാത്മിക നന്മകൾ ലഭിക്കുന്നതിനുംവേണ്ടി നമ്മുടെ പരിശുദ്ധ പിതാവു ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രഖ്യാപനംചെയ്തു ജൂബിലിവർഷം ഇക്കഴിഞ്ഞ ഉയിർപ്പുതിരുനാളോടുകൂടി അവസാനിച്ചുവെന്നുള്ളതു് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. ജൂബിലി സംബന്ധമായ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ നിത്യനഗരമായ റോമയിൽ ചെന്നു അവിടുത്തെ നാലു പ്രധാന ദേവാലയങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതു്. അതനുസരിച്ചു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും മെത്രാന്മാരും, പട്ടക്കാരും അത്മേനികളും, സ്ത്രീകളും പുരുഷന്മാരും, കുട്ടികളും വൃദ്ധരും, ധനികരും ദരിദ്രരും, ഭരണകർത്താക്കളും ഭരണീയരും, എന്നുവേണ്ട എല്ലാത്തരത്തിലും എല്ലാ നിലയിലുമുള്ള കത്തോലിക്കർ തനിച്ചും കൂട്ടമായും റോമയിൽ എത്തി ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കയുണ്ടായി. ജൂബിലിവർഷം ആദ്യന്തം ഇപ്രകാരം ഇടവിടാതെ തീർത്ഥകന്മാർ റോമയിൽ എത്തി ഈ ജൂബിലിയുടെ സ്വർഗ്ഗീയാനുഗ്രഹങ്ങൾ പ്രാപിക്കയും പരിശുദ്ധ പിതാവിനെ മുഖം കാണിച്ചു ആശിർവ്വാദം കൈക്കൊള്ളുകയും ചെയ്തതിൽ പ്രസ്പഷ്ടമായി പ്രകാശിക്കുന്ന വിശ്വാസതീക്ഷ്ണത കണ്ടു തിരുമനസ്സുകൊണ്ടു അത്യന്തം സന്തോഷിക്കയും ദൈവത്തിനു നന്ദിപറകയും ചെയ്തിരിക്കുന്നു. എന്നാൽ അതുകൊണ്ടുമാത്രം അവിടുത്തെ പൈതൃക ഹൃദയം തൃ

പൂരിപ്പെട്ടില്ല. വിദൂരമായ നിത്യനഗരത്തിലേയ്ക്കു യാത്ര കഴിപ്പാൻ അരോഗ്യക്കുറവുകൊണ്ടോ പണച്ചുരുക്കത്താലൊ ഇതര പ്രാതികൂല്യങ്ങളാലൊ സാധിക്കാത്തവരും എന്നാൽ പ്രസ്തുത ദണ്ഡവിമോചനങ്ങൾ പ്രാപിക്കണമെന്നു ആഗ്രഹിക്കുന്നവരുമായി എത്ര കോടി കത്തോലിക്കരാണുള്ളതെന്ന വസ്തുത പരിശുദ്ധ പിതാവു വിസ്മരിച്ചില്ല. അങ്ങിനെയുള്ള അവിടുത്തെ മക്കളുടെയും ആദ്ധ്യാത്മികനന്മയെ ലാക്കാക്കി റോമാ പട്ടണവും പരിസരങ്ങളും ഒഴിച്ചു കത്തോലിക്ക ലോകത്തിലെവിടെ വെച്ചും ആർക്കും ഈ ദണ്ഡവിമോചനങ്ങൾ പ്രാപിക്കത്തക്കവണ്ണം പ്രസ്തുത ജൂബിലി ഒരു പ്രത്യേക തിരുവെഴുത്തു മുഖേന ഒരു വർഷത്തേയ്ക്കു കൂടി നീട്ടിയിരിക്കുന്നു. അതെ, സമസ്ത കത്തോലിക്ക ലോകത്തിനുമായി കഴിഞ്ഞ ഉയിർപ്പുതിരുനാളിന്റെ എട്ടാമിടമായ ൧൯൩൪ ഏപ്രിൽ ൮-ാംനു- മുതൽ വരുന്ന ഉയിർപ്പുതിരുനാളിന്റെ എട്ടാം ദിനമായ ൧൯൩൫ ഏപ്രിൽ ൨൮-ാംനു-വരെ രണ്ടു ദിവസവും ഉൾപ്പെടെ ഒരു കൊല്ലത്തേയ്ക്കുകൂടി ഈ ജൂബിലി നീട്ടിയിരിക്കുന്നു. Quod superiore anno എന്നു തുടങ്ങുന്ന ആ തിരുവെഴുത്തും അതു സംബന്ധിച്ച് S. poenitentiaria Apostolica എന്ന തിരുസംഘത്തിന്റെ നിർദ്ദേശങ്ങളും ഇതോടുകൂടിത്തന്നെ ചേർത്തിരിക്കുന്നു. ഈ കൊല്ലത്തിൽ ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനു വിശ്വാസികൾ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ ഏവയെന്നുള്ളതിനെക്കുറിച്ചു തിരുമനസ്സുകൊണ്ടു സാമാന്യമായ ചില നിർദ്ദേശങ്ങൾ നൽകുകയും സ്ഥലകാലങ്ങളുടെ ആവശ്യംപോലെ കൂടുതൽ ക്ലിപ്തമായ നിർദ്ദേശങ്ങൾ ചെയ്യാനും മറ്റും വൈദികാദ്ധ്യക്ഷന്മാരെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്; അതനുസരിച്ചു ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കാൻ നമ്മുടെ അതിരൂപതയിലെ വിശ്വാസികൾ അനുഷ്ഠിക്കേണ്ടതായ കർമ്മങ്ങൾ നാം താഴെ നിർദ്ദേശിക്കുന്നു.

### ൧. വി. കൂദാശകളുടെ സ്വീകരണം.

ജൂബിലി ദണ്ഡവിമോചനം പ്രാപിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി പാപങ്ങളെക്കുറിച്ചു മനസ്താപപ്പെട്ടു കുമ്പസാരം ചെയ്യുകയും ഭക്തിപൂർവ്വം വി. കുർബ്ബാന കൈക്കൊള്ളുകയും ചെയ്യണം. പെസഹാകാലത്തു് കഴിക്കുന്നതായ ആണ്ടുകുമ്പസാരം ഇതിനു മതിയാകുന്നതല്ല. എന്നാൽ ദീനത്തിൽ കിടക്കുന്നവർ തിരുപാഥേയമായി കൈക്കൊള്ളുന്ന വി. കുർബ്ബാന മതിയാകുന്നതാണ്.

## ൨. സന്ദർശനങ്ങൾ.

വൈദികാദ്ധ്യക്ഷന്മാർ നിശ്ചയിക്കുന്ന ദേവാലയങ്ങൾ സന്ദർശിച്ചു പന്ത്രണ്ടു വിസീത്ത കഴിക്കണമെന്നാകുന്നു പ. പിതാവിൻെറ നിർദ്ദേശം. ഈ സന്ദർശനങ്ങൾ പല ദിവസങ്ങളിലായൊ ഒരു ദിവസം തന്നെയൊ നടത്താവുന്നതും ഒരു ദിവസംതന്നെ നടത്തുന്നപക്ഷം ഓരൊ വിസിത്തയ്ക്കും ചൊല്ലേണ്ടതായ ജപങ്ങളും അപേക്ഷയും കഴിച്ചു പള്ളിയിൽനിന്നും പുറത്തിറങ്ങി വീണ്ടും പള്ളിയകത്തു പ്രവേശിച്ചു രണ്ടാം സന്ദർശനവും അപ്രകാരം മററു സന്ദർശനങ്ങളും നടത്തേണ്ടതുമാണ്. ഓരോരുത്തർ തനിച്ചു ചെയ്യുന്ന വിസീത്തകൾക്കു പകരം ബ. വികാരിയുടെയൊ അദ്ദേഹം നിയമിക്കുന്ന വൈദികൻെറയൊ ആഭിമുഖ്യത്തിൽ വിശ്വാസികൾ കൂട്ടമായി പ്രദക്ഷിണമുറയ്ക്കു സന്ദർശനം നടത്തുന്നതിനും അനുവദിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു പ്രദക്ഷിണസന്ദർശനം ചെയ്യുമ്പോൾ വിസീത്തകളുടെ എണ്ണം കുറയ്ക്കുന്നതിനും അധികാരപ്പെട്ടുത്തിയിട്ടുള്ളതാണ്. ആകയാൽ സന്ദർശനങ്ങളും സന്ദർശിക്കേണ്ട പള്ളികളും സംബന്ധിച്ചു താഴെ കാണുന്നപ്രകാരം നാം നിർദ്ദേശിച്ചിരിക്കുന്നു. എറണാകുളത്തു താമസിക്കുന്നവർ നമ്മുടെ മെത്രാപ്പോലീത്തൻ പള്ളിയും വരാപ്പുഴ അതിരൂപതവക സെൻറ് ഫ്രാൻസിസ് ഭദ്രാസനപ്പള്ളിയും വടക്കേപ്പള്ളി, കണ്ണങ്കുന്നത്തുപള്ളി എന്നു പറഞ്ഞുവരുന്ന ദേവാലയങ്ങളും തനിച്ചു മൂന്നു പ്രാവശ്യം വീതമൊ, പ്രദക്ഷിണമായി നാലു പള്ളികളും ഒരു പ്രാവശ്യവും തിരിച്ചു പ്രദക്ഷിണമായി രണ്ടു പള്ളികൾ ഒരു പ്രാവശ്യവുമായൊ, നാലു പള്ളികളും ഒരു പ്രാവശ്യം പ്രദക്ഷിണമായും ഒരു പ്രാവശ്യംവീതം തനിച്ചുമൊ, സന്ദർശിക്കേണ്ടതാകുന്നു. എറണാകുളംപള്ളി ഒഴിച്ചു പുറത്തു നമ്മുടെ അതിരൂപതയിലുള്ള എല്ലാ ഇടവകപ്പള്ളികളും വി. കുർബ്ബാന സ്ഥാപിക്കുവാൻ അനുവാദമുള്ള എല്ലാ കുരിശുപള്ളികളും ചിലപ്പോഴൊക്കെയെങ്കിലും കുർബ്ബാന ചൊല്ലിവരുന്ന മററു ദേവാലയങ്ങളും, കന്യകാമഠങ്ങളിലും പെൺകുട്ടികളുടെ ബോർഡിങ്ങുകളിലും താമസിക്കുന്നവർക്കു മഠങ്ങളുടെ കപ്പേളകളും സന്ദർശനാവശ്യത്തിനായി നാം നിർദ്ദേശിച്ചിരിക്കുന്നു. മററു വൈദികാദ്ധ്യക്ഷന്മാർ ഈ സന്ദർശനത്തിനായി നിശ്ചയിച്ചിട്ടുള്ള പള്ളികളും ഉപയോഗിക്കാവുന്നതാണ്. അതിനാൽ സൗകര്യംപോലെ മുൻപറഞ്ഞ ൧൨ സന്ദർശനങ്ങൾ ഒരു പള്ളിയിലൊ പല പള്ളികളിലൊ ആയി നടത്താവുന്നതാകുന്നു. അതാതിടവകപ്പള്ളിയിലൊ മറെറാ മുൻപറഞ്ഞപ്രകാരം പ്രദക്ഷിണമായി പള്ളിയുടെ മതി

ലിനു പുറത്തുള്ള കുരിശിനെ ചുററിയൊ കുരിശില്ലാത്തപക്ഷം മതിലിനു പുറത്ത് ഇറങ്ങിക്കയറിയൊ ചെയ്യുന്ന ഓരൊ പ്രദക്ഷിണവും മൂന്നു വിസിത്തസ്സു തുല്യമായിരിക്കും. എന്നാൽ വേറൊരു പള്ളിയിലേക്കായിരുന്നാൽ നാലു വിസീത്തസ്സു മതിയാകും; ആകയാൽ പ്രദക്ഷിണമായി ഇറങ്ങി അടുത്ത പള്ളിയിൽ ചെന്നു നമസ്കരിച്ചശേഷം വീണ്ടും പ്രദക്ഷിണമായി പുറത്തെ കുരിശിനെ മററൊ ചുററി പള്ളിയിൽ പ്രവേശിച്ചു നമസ്കരിക്കയും തിരിച്ചു ആദ്യത്തെ പള്ളിയിൽ വന്നു നമസ്കരിക്കയും ചെയ്താൽ പന്ത്രണ്ടു വിസീത്തസ്സു തുല്യമായിരിക്കും.

ജൂബിലിവർഷത്തിൽ വിശ്വാസികളുടെ പ്രാർത്ഥനക്കായി പ. പിതാവു നിർദ്ദേശിച്ചിട്ടുള്ള നിയോഗങ്ങൾ ലോകമാസകലം തിരുസ്സഭയുടെ സ്വാതന്ത്ര്യം, സമസ്ത ജനങ്ങളുടെയും സമാധാനവും ഐക്യവും ഐശ്വര്യങ്ങളും വേദപ്രചാരാഭിവൃദ്ധി, സത്യവിശ്വാസത്തിൽനിന്നു തെററിനടക്കുന്നവരുടെ മാനസാന്തരം എന്നിവയാകുന്നു. ഇവകൾക്കു പുറമെ നിരീശ്വരന്മാരും നിർമ്മതക്കാരും നിരന്തരം ചെയ്തുവരുന്ന ദൈവദ്രോഹപരമായ പ്രവർത്തനങ്ങൾക്കു പ്രാർത്ഥനയും ത്യാഗവും കൊണ്ടു ഏവരും പാടുപോലെ പരിഹാരം ചെയ്യണമെന്നുള്ളതാണ് ഈ ജൂബിലിവർഷത്തിൽ പ. പിതാവു പ്രത്യേകം ആഗ്രഹിക്കുന്നത്. കിഴക്കൻ റീത്തുകളുടെ തിരുസംഘത്തിൽനിന്നു മലയാള സുറിയാനി റീത്തുകാരായ നമ്മൾക്കു ഈ കഴിഞ്ഞ ൧൯൫൦-ാമാണ്ടു പ്രത്യേകം കിട്ടീട്ടുള്ള അനുവാദപ്രകാരം നമ്മുടെ കർത്താവിൻെറ പീഡാനുഭവവും കുരിശുമരണവും ബോധത്തിൽ വരുത്തി ഓരോരുത്തനും തനിച്ചു പ്രാർത്ഥിക്കുന്നതിനു പുറമെ സന്ദർശനാവസരങ്ങളിൽ വി. കുർബ്ബാനയുടെ അൾത്താരയുടെ മുമ്പാകെ ൫ ആ. ൫ ന. ൫ ത്രി. മാർപ്പാപ്പായുടെ നിയോഗാർത്ഥം ൧ ആ. ൧ ന. ൧ ത്രി.യും 'ക്രൂശിതരൂപത്തിൻ മുമ്പിൽ ൩ പ്രാവശ്യം വിശ്വാസപ്രമാണവും ഒരു പ്രാവശ്യം "ഈശോമിശിഹായേ, നിന്നെ ഞങ്ങൾ ആരാധിച്ചു കുമ്പിട്ടു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ നിൻെറ ശു. കുരിശാൽ നീ ലോകത്തെ വീണ്ടുകൊണ്ടു." എന്ന ജപമൊ ഇതുപോലെ മറെറാരു ജപമൊ കൂടി ചൊല്ലുകയും പ. മാതാവിൻെറ സ്വരൂപത്തിൻ മുമ്പിൽ അവിടുത്തെ വ്യാകുലങ്ങളിന്മേൽ ധ്യാനിച്ചുകൊണ്ടു ൭ ന. വും "പരിശുദ്ധ ദേവമാതാവേ, നിൻെറ തിരുക്കുമാരൻെറ തിരുമുറിവുകളെ എൻെറ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ." എന്ന ജപവും അഥവാ ഇതുപോലെയുള്ള മറെറാരു ജപവും ചൊല്ലുകയും ഒടുവിൽ പരി. കുർബ്ബാനയുടെ

അൽത്താരയുടെ മുമ്പിൽ വീണ്ടും വന്നു തങ്ങളുടെ കത്തോലിക്ക വിശ്വാസത്തെ ഏററുപറഞ്ഞുകൊണ്ടു ഒരിക്കൽക്കൂടി വിശ്വാസപ്രമാണവും ചൊല്ലുകയും ചെയ്യേണ്ടതാകുന്നു.

## വിശേഷാനുകൂല്യങ്ങൾ.

൭൦ വയസ്സു കഴിഞ്ഞവൎക്കും ന്യായമായ തടസ്സങ്ങൾ മുഖാന്തിരം നിശ്ചയിക്കപ്പെട്ട ദേവാലയസന്ദൎശനങ്ങൾ നടത്താൻ സാധിക്കാത്തവൎക്കും അവരുടെ സ്ഥിതിയനുസരിച്ച വിസീത്തകളുടെ എണ്ണം കുറക്കുന്നതിനൊ അവയെ മററു പുണ്യപ്രവൃത്തികളായി മാററിക്കൊടുക്കുന്നതിനൊ നമ്മുടെ അതിരൂപതയിലെ എല്ലാ ബ. വികാരിമാരെയും കൊവേന്തകളുടെ ശ്രേഷ്ഠന്മാരെയും മഠങ്ങളുടെ കപ്പേളന്മാരെയും മററു സ്ഥാപനങ്ങളുടെ തലവന്മാരെയും കുമ്പസാരക്കാരെയും നാം അധികാരപ്പെടുത്തുന്നു. എന്നാൽ പ. പിതാവിന്റെ നിയോഗപ്രകാരം നടത്തേണ്ട അപേക്ഷകൾ ദീനക്കാരുടെ സംഗതിയിൽ ഒഴിച്ച മററാൎക്കും കുറച്ചുകൊടുക്കാവുന്നതല്ല. മേൽപറഞ്ഞ ഭക്തകൃത്യങ്ങളെല്ലാം ഒരാൾ എത്രപ്രാവശ്യം നിറവേററുമൊ അത്രയും പ്രാവശ്യം ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കാവുന്നതും അവയെ സ്വന്ത ഉപയോഗത്തിനു വേണ്ടിമാത്രമല്ല ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയും കാഴ്ചവെക്കാവുന്നതുമാണ്. എന്നാൽ ഒരു പ്രാവശ്യത്തെ ദണ്ഡവിമോചനം ലഭിക്കാൻ വേണ്ടതെല്ലാം ചെയ്തതിന്ശേഷമേ വേറൊന്നു ലഭിക്കാൻ വേണ്ടതു ചെയ്യാവൂ. മേൽപ്രസ്താവിച്ച ഭക്തകൃത്യങ്ങളെല്ലാം നിൎവ്വഹിക്കുകയും അവസാനകൃത്യം നിൎവ്വഹിക്കുമ്പോളെങ്കിലും ദൈവപ്രസാദവരത്തിലായിരിക്കുകയും ചെയ്യുന്ന സകല കത്തോലിക്കൎക്കും, ഒരുപക്ഷെ കഴിഞ്ഞ വത്സരത്തിൽ നിത്യനഗരം സന്ദൎശിച്ചിട്ടോ മററു പ്രകാരത്തിലൊ ജൂബിലി ദണ്ഡവിമോചനം പ്രാപിച്ചിട്ടുള്ളവരായാലും സ്വന്ത പാപങ്ങൾകൊണ്ടു അവർ അൎഹിച്ചിട്ടുള്ള കാലത്തിനടുത്ത ശിക്ഷയുടെ പൂൎണ്ണമോചനം പ്രാപിക്കാവുന്നതാകുന്നു.

---

## ജൂബിലിജപമഞ്ജരി.

ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനു അറിഞ്ഞിരിക്കേണ്ട വ്യവസ്ഥകളും, ആ വ്യവസ്ഥകൾ ഫലപ്രദമായി അനുവൎത്തിക്കുന്നതിനു ഉപകരിക്കുന്ന പല പ്രത്യേക പ്രാൎത്ഥനകളും ധ്യാനങ്ങളും സുകൃതജപങ്ങളും മററും ചേൎത്തു പ്രസിദ്ധീകരിച്ചിരിക്കുന്ന "ജൂബിലി ജപമഞ്ജരി," ജൂബിലി വത്സരാചാരവിഷയത്തിൽ ജനങ്ങൾക്കു പരക്കെ സാഹായ്യമാകുന്നതാണ്. ൩ പൈ മാത്രം വിലയുള്ള ഈ പുസ്തകം മി. കെ. എ. പോൾ, കത്തോലിക്ക സാഹിത്യനിലയം, എറണാകുളം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

# ശ്രീമേരിസ്തവം.

എത്രനല്ലീദശാനാഥ എ. മ.

(ജെ. ജ്ഞാനസുന്ദരം, ഗിരിമന്ദിരം.)

1. ലോകേശനേതൃവിൻെറ—മാതേ ! മനോഹരിയെ
ശോകത്തിൻ മോചനമത്തെ—നല്കി നീ പാലിക്കുക.

2. ധന്യയാം നിൻെറ കീർത്തി—കീർത്തിപ്പാൻ മന്നിടത്തിൽ
ധന്യന്മാരില്ലന്നൂനം—അമ്മേ നീ പാലിക്കുക.

3. ഭാനുവെ ചേലയായും താരത്തെ ഹാരമായും
എന്നുമണിഞ്ഞവളെ പാലയപാപികളെ.

4. നിത്യനാം ദൈവംതവ—സ്തുത്യനാം സൂനുവല്ലൊ.
നിത്യഗതിയിലെന്നും കാക്കുക ഞങ്ങളെ നീ.

5. ദൈവവചനമുത്തു—കാത്തോരു മുത്തുച്ചിപ്പി
ദിവ്യയാം നീതാനല്ലോ—പാലയ പാലയ നീ.

# ക്ലാസ്സ്മുറിയിലെ കൊലപാതകം.

(ശ്രീമാൻ, എം. ഒ. ജോസഫ് നെടുങ്കുന്നം.)

## III.

ഇഗ്നാസിയച്ചൻെറ സംഭാഷണം ഈ പതനത്തിലെത്തിയപ്പോൾ "കളത്തിലേയ്ക്കു പോയ കുട്ടികൾ എന്തു ചെയ്യുകയായിരിക്കാം" എന്നു പൈലോച്ചൻ ചോദിച്ചു. "ഓ! അവർ പൊരി സൂക്ഷിക്കുകയാണ്" എന്നു മറിയാമ്മ മറുപടി പറഞ്ഞു. വിഷയചംക്രമണത്തിനുള്ള ഈ പുറപ്പാട് അനുവദിക്കരുതെന്നു കരുതി ഗൃഹകാരണവരായ ചാക്കൊ മാപ്പിള പെട്ടെന്നു പറഞ്ഞു.

ചാക്കൊ: അപ്പോൾ അച്ചൻ പറഞ്ഞതു് വളൎന്നുകൊണ്ടിരിക്കുന്ന ബാലികാബാലന്മാൎക്കു മതവും അതിൻെറ സഹായങ്ങളും കൂടുതൽ അത്യന്താപേക്ഷിതമായിരിക്കുന്നതു് ഹൈസ്കൂൾ ക്ലാസുകളിലാണെന്നല്ലേ ? എൻെറ അഭിപ്രായവും അതുത

ന്നെയാണ്. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച ആഭ്യന്തരമായും ബാഹ്യമായും ഭയങ്കരമായ ആക്രമണം നടക്കുന്ന ഒരു കാലഘട്ടമാണ് അത്. യൗവ്വനസഹജമായ ഉദ്വേഗത്തിന്റെയും തന്റേടത്തിന്റെയും സംശയത്തിന്റെയും പ്രലോഭനങ്ങളുടെയും എന്നുവേണ്ട ഒരുമാതിരി ഉന്മാദത്തിന്റെതന്നെ കാലമാണല്ലൊ അത്. ഒരു ബാലനൊ ബാലികക്കൊ നിർമ്മലമായ അന്തരീക്ഷവും ശരിയായ പരിശീലനവും എന്നെങ്കിലും വേണമെങ്കിൽ അത് അന്നാണ്. ദൈവത്തിന്റെ സാന്നിദ്ധ്യവും, ക്രൈസ്തവക്രൂദാശകളുടെ സംരക്ഷണവും, നന്മയും തിന്മയും തമ്മിലും ന്യായവും അന്യായവും തമ്മിലുമുള്ള വ്യക്തമായ വിവേചനയും നിറഞ്ഞിരിക്കുന്ന ഒരു അന്തരീക്ഷമാണ് അപ്പോൾ അവൾക്ക് ആവശ്യകമായിരിക്കുന്നത്. മതവിദ്യാഭ്യാസപരമായ ഒരു അന്തരീക്ഷം അത്യന്താപേക്ഷിതമായിരിക്കുമ്പോൾ അതു നിശ്ശേഷം വേണ്ടെന്നു വെയ്ക്കുന്നതിലെ യുക്തി എനിക്കു മനസ്സിലാകുന്നില്ല

മറിയാമ്മ: ഇക്കഴിഞ്ഞ നാലു കൊല്ലം മാത്തുക്കുട്ടിയും ലോനപ്പനും അച്ചന്മാരുടെ കൂടെയും, ശോശാമ്മ (മകൾ) കന്യാസ്ത്രീകളുടെ ശിക്ഷണത്തിലും ആയിരുന്നപ്പോൾ എനിക്കുണ്ടായിരുന്ന തൃപ്തിയും മനഃസമാധാനവും എത്രയെന്നു പറഞ്ഞുകൂടാ. ദൈവപ്രമാണങ്ങളെ അഭ്യസിപ്പിക്കുകയും വിശ്വസിക്കയും ചെയ്തിരുന്ന ഒരു വിദ്യാലയത്തിൽ—പരമമായ ത്യാഗങ്ങൾ സഹിച്ചും നന്മയേയും തിന്മയേയും സഭ്യതയേയും പററിയുള്ള തങ്ങളുടെ അഭിപ്രായങ്ങൾ തങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കിയിരുന്ന മാതൃകാസ്ത്രീപുരുഷന്മാരുടെ നേതൃത്വമുണ്ടായിരുന്ന ഒരു വിദ്യാലയത്തിൽ—എന്റെ കുട്ടികളായിരുന്നപ്പോൾ അവരെപ്പററിയുള്ള ചിന്താവ്യഗ്രത എന്നെ ബാധിച്ചിട്ടില്ല. ഒരു വനിതയ്ക്കു അലങ്കാരമായിരിക്കുന്ന അമൂല്യഗുണങ്ങൾ പ്രദാനം ചെയ്യുന്നതിനു കത്തോലിക്കേതരമായ മറെറതൊരു വിദ്യാലയമാണ് നമ്മുടെ നാട്ടിലുള്ളതു?

ചാക്കൊ: അച്ഛാ, എന്റെ കുട്ടികളുടെ കാര്യമാണെങ്കിൽ കത്തോലിക്ക വിശ്വാസത്തേപ്പററി എനിക്കറിയാൻ പാടില്ലാ

ത്ത പല സംഗതികളും ഇപ്പോൾ മാത്തുക്കുട്ടിക്കു അറിയാം. ലോനപ്പനാണെങ്കിൽ (ചിരിച്ചുകൊണ്ടു) ഒരു കൊച്ചു വേദശാസ്ത്രജ്ഞൻ തന്നെയാണു്.

പൈലോച്ചൻ: അതേതെ. കത്തോലിക്ക സ്കൂളുകൾക്കുള്ള ഒരു വലിയ ദൂഷ്യം അതുതന്നെയാകുന്നു. ഞാനും ഒരു കത്തോലിക്കനാണു്. പക്ഷെ ഒരു കത്തോലിക്ക സ്കൂളിലും ഞാൻ പഠിച്ചിട്ടില്ല. കത്തോലിക്ക വിദ്യാലയങ്ങളിൽ മതത്തിനു അത്യധികമായ പ്രാധാന്യം നൽകുന്നു. അവിടെ വേണ്ടതിലധികം വേദോപദേശവും, പ്രാത്ഥനയും, കൂദാശകളുടെ സ്വീകരണവും, ഭക്തിയുമെല്ലാമുണ്ടു്. സ്ഥാനസ്ഥിതമായിരിക്കുമ്പോൾ ഇവയൊക്കെ നല്ലതുതന്നെയാകുന്നു. പക്ഷെ ഇവ ധാരാളമായി ഉപയോഗിക്കുവാനുള്ള തിടുക്കത്തിൽ അദ്ധ്യാപകന്മാർ പാഠ്യപദ്ധതിയിലെ മററു വിഷയങ്ങൾ വിസ്മരിച്ചുപോകുന്നു. ഇതു് ഒരു പരമാത്ഥം മാത്രമല്ലേ ?

ഇഗ്നാസി: ഉവ്വോ ? ഇതാരറിഞ്ഞു ! പക്ഷെ ഇടവകയിലെ വിദ്യാലയത്തിൽ പഠിച്ചുപോന്നിട്ടുള്ളവരെയും ഈ രാജ്യത്തിലെ ഏതെങ്കിലും ഒരു പബ്ലിക്ക സ്കൂളിൽനിന്നു പാസായിപോന്നിട്ടുള്ളവരെയും തമ്മിൽ ഒന്നു തുലനം ചെയ്തു നോക്കൂ. ഇക്കഴിഞ്ഞ സർവ്വകലാശാലാപരീക്ഷയിൽ ഒന്നാം കിടയിൽ നിൽക്കുന്നതൊ കത്തോലിക്ക കോളേജുകളൊ കത്തോലിക്കേതര കോളേജുകളൊ ? നമ്മുടെ വിദ്യാലയങ്ങൾ കാര്യക്ഷമതയിൽ ഒന്നാം കിടയിൽ തന്നെയാണു് നിൽക്കുന്നതെന്ന വസ്തുത പൈലോച്ചാ നിങ്ങൾ വിസ്മരിക്കുന്നു. സാധാരണ ഗവമ്മെണ്ടു സ്കൂളുകൾക്കു ആവശ്യകമായതിൻെറ പത്തിരട്ടി കാര്യക്ഷമതയും സജ്ജീകരണങ്ങളും ഒരു പ്രൈവററ് സ്കൂളിനു വേണമെന്നാണല്ലോ നമ്മുടെ നാട്ടിലുള്ള അലിഖിതമായ നിയമം. കത്തോലിക്ക വിദ്യാലയങ്ങളിൽ ഏതിനാണു് ഇവയില്ലാത്തതു് ? അവിടത്തെ അദ്ധ്യാപകന്മാർ സാക്ഷാത്തായ അദ്ധ്യാപന പരിശീലനം ലഭിച്ചിട്ടുള്ളവരാണു്. പബ്ലിക്ക സ്കൂളുകളിൽ പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളും അവിടെ എത്രയും ഉൽകൃഷ്ടമായവിധം പഠിപ്പിക്കു

ന്നുണ്ട്. അവിടത്തെ ഉപാദ്ധ്യായന്മാർ വെറും ശമ്പളത്തിനുവേണ്ടിയല്ല ജോലി ചെയ്യുന്നതു്; പ്രത്യുത അദ്ധ്യാപനം ഒരു ശ്രേഷ്ഠമായ കർത്തവ്യമായി അവർ കരുതുന്നു. ചുരുക്കത്തിൽ എല്ലാററിലും ഉത്തമമായവയെ പ്രദാനം ചെയ്യുന്നതിനാണ് കത്തോലിക്ക വിദ്യാലയങ്ങൾ ഉത്സാഹിക്കുന്നതു്. ഈ പരിശ്രമം എത്രയും വിജയപ്രദമാകുന്നുണ്ടെന്നുള്ളതിനു പബ്ളിക്ക് പരീക്ഷാഫലങ്ങൾ പ്രസ്പഷ്ടമായ ഒരു സാക്ഷ്യമായിരിക്കുന്നു. കത്തോലിക്ക വിദ്യാഭ്യാസപദ്ധതിയെ നിരൂപണം ചെയ്യുന്നവർ ഒരിക്കലെങ്കിലും അത്തരം വിദ്യാലയങ്ങളിൽ പഠിച്ചിട്ടുള്ളവരൊ അവിടത്തെ ക്ലാസ്സ്മുറികളിലെ നിർമ്മലമായ അന്തരീക്ഷമെന്തെന്നു മനസ്സിലാക്കിയിട്ടുള്ളവരൊ അല്ല. ഒററവാക്കായി പറഞ്ഞാൽ കത്തോലിക്ക വിദ്യാലയങ്ങളിൽ, പബ്ളിക്ക് സ്കൂളുകളിലുള്ള എല്ലാ കാര്യക്ഷമമായ ഏർപ്പാടുകളുമുണ്ടെന്നുള്ളതിനു പുറമേ അവിടെ ഇല്ലാത്തതായ ആ സർവ്വപ്രധാനമായ സംഗതിയും - ദൈവത്തിന്റെയും മതവിശ്വാസത്തിന്റെയും സജീവമായ സാന്നിദ്ധ്യവും - ഉണ്ടായിരിക്കുന്നു.

റോസക്കുട്ടി: അതൊക്കെ ശരി അച്ഛാ, പക്ഷെ കോളേജിൽ പോകാൻ പ്രായമായാൽ പിന്നെ അവരെ വലിയ കോളേജുകളിലേക്കു അയക്കുകയല്ലേ നന്ന് ? അവിടത്തെ ആനുകൂല്യങ്ങളെല്ലാം നമ്മുടെ കുട്ടികൾക്കും സിദ്ധിക്കുകയില്ലേ ?

ഇഗ്നാസി: ഉവ്വോ ! പക്ഷെ ദൈവത്തിൽ വിശ്വസിക്കുകയും തങ്ങളുടെ കുട്ടികൾ തങ്ങളുടെ മതം അനുഷ്ഠിക്കണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് എന്തൊരു ആനുകൂല്യങ്ങളാണാവോ അവിടെനിന്നു ലഭിക്കുന്നതു് ! തങ്ങളുടെ പരിപാവന മതത്തെ വിസ്മരിക്കുകയും വെറുക്കുകയും, അതിനെ ആക്രമിക്കുകയും ചെയ്യുന്ന ഒരു കോളേജിലേയ്ക്കു് നാലു സംവത്സരക്കാലത്തേയ്ക്കു മക്കളെ ഉഴിഞ്ഞുവിടുന്നതു ഒരു ആനുകൂല്യമാണോ ?

ബഞ്ചമിൻ: ആക്രമിക്കുകയൊ ! അതൊരു കഠിനവാക്കു തന്നെ. പബ്ളിക്കു വിദ്യാലയങ്ങളിൽ മതത്തെ ആരും ആക്രമിക്കുന്നില്ല.

ഇഗ്നാസി: അതൊരു കഠിനവാക്കുതന്നെ ആയിരിക്കാം. എന്നാൽ ഞാൻ ഉദ്ദേശിക്കുന്നതു അതുതന്നെയാണ്. മതവിശ്വാസം അവഹേളിക്കപ്പെടുന്നു. ആക്രമിക്കപ്പെടുന്നു. കത്തോലിക്കേതര സർവ്വകലാശാലകളിലും കോളേജുകളിലുംനിന്നു പ്രതിവഷം ഡിഗ്രി സമ്പാദിച്ചു പുറത്തിറങ്ങുന്ന ആയിരക്കണക്കിനു യുവാക്കളിൽ ശരിയായ ദൈവവിശ്വാസമുള്ളവരും സന്മാർഗ്ഗബോധമുള്ളവരും എത്ര ശതമാനം വരുമെന്നാണ് മി. ബെഞ്ചമിൻ നിങ്ങളുടെ അഭിപ്രായം. ഇമ്മാതിരി അപകടങ്ങളിലേയ്ക്കു നിങ്ങൾ അത്യധികം സ്നേഹിക്കുന്ന നിങ്ങളുടെ സന്താനങ്ങളെ വലിച്ചെറിയുന്നതു നീതീകരിക്കത്തക്കതോ ?

റോസക്കുട്ടി: ശരി. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസം ഒരു കത്തോലിക്ക വിദ്യാലയത്തിൽ കഴിച്ചശേഷമായാൽ . . . . .

ഇഗ്നാസി: ഓ—പ്പോലെയുള്ള അജ്ഞേയവാദികളും നിരീശ്വരന്മാരും, സന്ദേഹമനസ്കരും, മദ്യപന്മാരും, വിഷയലമ്പടന്മാരുമായ പ്രൊഫസർമാരുടെ കീഴിൽ അഭ്യസനം ചെയ്യത്തക്ക പ്രായം അവർക്കായെന്നായിരിക്കാം നിങ്ങളുടെ വിചാരം. കത്തോലിക്കേതര സർവ്വകലാശാലകളിൽ സർവ്വസാധാരണമായി ഉപയോഗിക്കുന്ന ഏതെങ്കിലുമൊരു വാദമുഖംകൊണ്ടു (അത് സ്വയമേവ അർത്ഥശൂന്യമാണെങ്കിലും) ഇപ്പോഴത്തെ മിക്ക ബി. ഏ. ക്കാരെയും അവർക്കു ആത്മാവില്ലെന്നു ബോദ്ധ്യപ്പെടുത്തുക വളരെ എളുപ്പമാണ്.

ബെഞ്ചമിൻ: അവർക്കു ആത്മാവില്ലെന്നു ബോദ്ധ്യപ്പെടുത്തുകയൊ ?

ഇഗ്നാസി: എന്നുപറഞ്ഞാൽ അവർക്കു ആത്മാവില്ലെന്നു ആരെങ്കിലും പ്രസ്താവിച്ചാൽ അതു പരമാർത്ഥമാണെന്നു അവർ വിശ്വസിച്ചുകൊള്ളുമെന്നർത്ഥം. കോളേജിൽ ഒരു കൊല്ലത്തെ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു യുവാവ് ഈയിടെ സംഗതിവശാൽ എന്നെ കാണാൻ വന്നു. അയാൾ ആകപ്പാടെ ഒരു ഡോലായമാന മനസ്ഥിതിയിലകപ്പെട്ടിരുന്നു. മതവിശ്വാസം മിക്കവാറും നശിച്ചുകഴിഞ്ഞു. അവസാനമായി ഒരു വൈ

ദികനോട്ട സംസാരിക്കണമെന്ന കരുതിക്കൂടിയാണ് എന്നെക്കാണുവാൻ വന്നത്. അയാളുടെ വാദങ്ങളെല്ലാം എന്നോട്ട പറഞ്ഞശേഷം ചോദിക്കുകയാണ്. 'എൻെറ കോളേജിലെ ജന്തുശാസ്ത്രപ്രൊഫസ്സർ എനിക്കാത്മാവില്ലെന്ന തെളിയിച്ചിരിക്കെ ഞാൻ എങ്ങനെ, ഏതു് അത്മാവിനെയാണ് രക്ഷിക്കണമെന്ന പറയുന്നത്.'

മറിയാമ്മ: അച്ചൻ എന്തു മറുപടി പറഞ്ഞു.

ഇഗ്നാസി: ഞാൻ അയാളുടെ അഭിപ്രായംതന്നെ സ്വീകരിച്ചുകൊണ്ടു വാദം തുടന്നു. ആ വാദശൃംഖലയിലെ ഒരു കണ്ണി അയാം വിഗണിച്ചതായിരുന്നു ഈ വികടത്തിനൊക്കെ കാരണം. അതു ഞാൻ അയാൾക്കു കാണിച്ചുകൊടുത്തു. അയാൾ തൃപ്തനായി, ഉറച്ച കത്തോലിക്കനായി, സന്തോഷത്തോടുകൂടെ തിരിച്ചുപോയി. അങ്ങനെ ആ ക്ലാസിലെ ഒരു കുട്ടിയെ രക്ഷിക്കുന്നതിന്ന എനിക്കു സാധിച്ചു. പക്ഷെ എത്രയൊ കുട്ടികൾ അബദ്ധമായ മാറ്റ്ഗദശനത്താൽ എന്നന്നേയ്ക്കും നശിച്ചുപോകുന്നു.

റോസക്കുട്ടി: പക്ഷെ ഇത്തരം പ്രൊഫസർമാർ വളരെക്കുറച്ചുമാത്രമേയുള്ളു.

ഇഗ്നാസി: അങ്ങനെതന്നെ ആയിരുന്നാൽ കൊള്ളാമെന്നാണ് എൻെറ ആഗ്രഹവും. പക്ഷെ ഇന്നത്തെ കത്തോലിക്കേതര വിദ്യാലയങ്ങളിൽ ഇത്തരക്കാരുടെ സംഖ്യ കുറച്ചൊന്നുമല്ല. അവരുടെ കീഴിൽ ശിക്ഷണം ചെയ്യിട്ടുള്ള അനേകം യുവതീയുവാക്കന്മാരെ എനിക്കു പരിചയമുണ്ട്. അവിടെ ചരിത്രപ്രൊഫസർ വളരെ ശാന്തമായി വന്നിരുന്ന പറയും: ക്രിസ്തു എന്നൊരാൾ ജീവിച്ചിരുന്നെങ്കിൽതന്നെ (അതു മിക്കവാറും സംശയമാണ്) അദ്ദേഹം പല മഹാ ഗുരുക്കന്മാരിൽ ഒരുവൻ മാത്രമാണ്; അദ്ദേഹം ഒരിക്കലും ഒരു സഭ, പ്രത്യേകിച്ച കത്തോലിക്ക സഭ സ്ഥാപിച്ചിട്ടില്ല. കത്തോലിക്ക സഭയുടെ ഉത്ഭവം അഞ്ചാം നൂററാണ്ടിലൊ ആറാം നൂററാണ്ടിലൊ ആണ്. പതിനഞ്ചാം നൂററാണ്ടിൽ സഭ അധഃപതിച്ചു. സഭ ശാസ്ത്രകാരന്മാ

രെ പീഡിപ്പിച്ചു; എന്നെല്ലാം.

പൈലൊ: ഇതൊക്കെ നാം ഊഹിക്കുന്നതല്ലേ ?

ചാക്കോമ: ഊഹിക്കുകയോ, ഒരിക്കലുമല്ല. ഈയിടെ ഈ ജാതിയിൽ ചില പാഠ്യപ്പുസ്തകങ്ങൾപോലും ഇറക്കിയിട്ടുണ്ടെന്നു കേട്ടു. ഗലീലിയൊ എന്നാണത്രെ അതിൻെറ പേര്. ഇത്തരം ആഭാസപ്പഞ്ചാംഗങ്ങൾ പാഠ്യപ്പുസ്തകമാകുന്നതിനെ സർവ്വശക്തിയുമുപയോഗിച്ചു പ്രതിഷേധിക്കേണ്ടതാണ്.

ആച്ചിയമ്മ: പാഠ്യപ്പുസ്തകങ്ങളുടെ കാര്യം ഒന്നും പറയേണ്ട. ഒരു സർക്കാർ പാഠ്യപ്പുസ്തകത്തിൽ മറിയം യേശുവിനെ പ്രസവിച്ചതു "പ്രസവവേദന"യോടെയാണെന്നു എഴുതിയിരിക്കുന്നത്രെ. അതു വായിച്ചാൽ ആ പാഠമെഴുതിയ ആൾ അന്ന് ഒരു സൂതികർമ്മിണിയൊ മറ്റൊ ആയിരുന്നോയെന്നു സംശയിച്ചുപോകും. എത്ര ക്ലിപ്തമായി പറഞ്ഞിരിക്കുന്നുവെന്നു നോക്കുക.

ഇഗ്നാസി: അതിനെക്കാൾ ഗൌരവതരമായ അനാവശ്യങ്ങളാണ് ക്ലാസ്സ്മുറികളിൽ നടക്കുന്നത്. കേൾക്കൂ. മനുഷ്യൻ കുരങ്ങിൽനിന്നുണ്ടായതാണെന്നു വിശ്വസിച്ചുകൊണ്ടാണ് ജന്തുശാസ്ത്രപ്രൊഫസ്സർ ക്ലാസിലേയ്ക്കു വരുന്നതുതന്നെ. മനുഷ്യൻ കുരങ്ങിൽനിന്നുണ്ടായതാണു; അതുകൊണ്ടു പരിണാമവാദം ശരിയാണ്; അതുകൊണ്ടു സ്രഷ്ടാവു് ആവശ്യമില്ല. അമർത്ത്യമായ ഒരാത്മാവുമില്ല, മനുഷ്യനു ഇഛാസ്വാതന്ത്ര്യവുമില്ല. ഇതാണ് അയാളുടെ പോക്കു്. ഇതൊക്കെ അഭ്യസിക്കുന്ന വിദ്യാർത്ഥി സന്മാർഗ്ഗത്തെ കാര്യമായി ഗണിക്കുന്നില്ലെങ്കിൽ അതിലെന്താണ് അത്ഭുതപ്പെടുവാനുള്ളതു് ? ഞാൻ ഒരു മൃഗമാണ്, എനിക്കു ഇഛാസ്വാതന്ത്ര്യവുമില്ല, എങ്കിൽ പിന്നെ ഞാൻ നിയമം ലംഘിക്കുകയൊ പാപം ചെയ്യുകയൊ ചെയ്താൽ ഞാൻ കുററക്കാരനാകുമോ എന്നാണ് അയാളുടെ നാട്യം! സന്മാർഗ്ഗശാസ്ത്രക്ലാസിലാണെങ്കിൽ - അതിതിലും രസാവഹമാണ്. "നന്മയും തിന്മയും തമ്മിൽ യഥാർത്ഥമായ യാതൊരു വ്യത്യാസവുമില്ല. ചാരിത്രശുദ്ധിയെന്നു പറയുന്നതു സമുദായത്തിൻെറ ഒരു കള്ളത്തരമാണ്. വിവാഹമെന്നു പറയുന്നതു രാഷ്ട്രീയമായ ഒരു വെറും കച്ച

വടമാണ്. വസ്ത്രധാരണരീതിയിലുള്ള വ്യത്യാസംപോലെ മാത്രമാണ് നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം. തത്വശാസ്ത്രക്ലാസിലാണെങ്കിൽ ചിലർ ദൈവമില്ലെന്നു പറയും. ചിലക്കു എല്ലാം അജ്ഞേയവാദമാണ്. ചിലക്കു ദൈവമെന്നു പറയുന്നതു് ഈ ലോകത്തിൽ കാണുന്ന ശക്തിയാണ്. എന്തിന് ?. . .

മറിയാമ്മ: ഹാ ! കഷ്ടം! ഇത്തരം പ്രൊഫസർമാരുടെ സൂക്ഷ്മബുദ്ധിക്കു വിധേയമാക്കപ്പെടുന്ന ബാലികാബാലന്മാരുടെ സ്ഥിതി പരിതാപകരംതന്നെ. ഇതു ഏററവും നിന്ദ്യമായ ഒരു നടത്തയാകുന്നു. ഇതു കൊലപാതകംതന്നെ.

ആച്ചിയമ്മ: (ഏററുപറയുന്നു) കൊലപാതകം . . .

മറിയാമ്മ: അതേ കൊലപാതകം. ക്ലാസ്മുറിയിലെ കൊലപാതകംതന്നെ. വിശ്വാസത്തിൻെറയും ആത്മാവിൻെറയും ഹനനം ! ദാരുണമായ വധംതന്നെ !!

ഇഗ്നാസി: ഈ അടുത്ത അവസരത്തിൽ കത്തോലിക്ക യുവാക്കന്മാരുടെ ഒരു സംഘത്തിൽ പ്രസംഗിക്കുന്നതിനു ഞാൻ ക്ഷണിക്കപ്പെട്ടു. മതത്തെപ്പററി ബുദ്ധിപൂർവ്വകമായി അറിയേണ്ടതിൻെറ ആവശ്യകതയെന്നതായിരുന്നു എൻെറ പ്രസംഗവിഷയം. ഒരു പ്രസിദ്ധ സർവ്വകലാശാലാ പ്രൊഫസരുടെ വാദത്തെയാണ് ആദ്യം ഞാൻ അവരുടെ മുമ്പാകെ അവതരിപ്പിച്ചതു്. മനുഷ്യവർഗ്ഗത്തിൻെറ മഹാ ശത്രു ക്രിസ്തുമതമാണെന്നു കാണിക്കുവാൻവേണ്ടി അയഥാർത്ഥമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തി രൂപവൽക്കരിച്ചിട്ടുള്ള ഒരു വാദമായിരുന്നു അതു്. അതിലെ യുക്തി ആഭാസവും പ്രസ്താവങ്ങൾ ചരിത്രവിരുദ്ധവുമായിരുന്നെങ്കിലും വിദഗ്ദ്ധനായ പ്രൊഫസരുടെ ഭാഷാസ്വാധീനം അവയെ വെള്ളയടിച്ചിരുന്നു. ആ സംഘത്തിൽപെട്ട ഒരുവനെങ്കിലും അതിനു സമാധാനം പറയാൻ സാധിച്ചില്ല. അഗാധമായ ചരിത്രജ്ഞാനവും സമർത്ഥമായ തത്വശാസ്ത്രപരിശീലനവുമുള്ള വക്കുമാത്രമേ ആ വാദത്തിലെ അബദ്ധം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ഞാൻ അതിലെ ന്യൂനത ചൂണ്ടിക്കാണിച്ചപ്പോൾ ആ യുവസംഘത്തിനുണ്ടായ ആനന്ദത്തിനു അ

തിരില്ലായിരുന്നു. പക്ഷെ ഈ പ്രൊഫസ്സർ തൻെറ വാദം ഓരായിരം വിദ്യാർത്ഥികളുടെ മുമ്പാകെ അവതരിപ്പിച്ചുവെന്നു വിചാരിക്കുക. ഈ വാദത്തിൽ എന്തെങ്കിലും ന്യൂനതയുണ്ടെന്നു അവരിൽ എത്രപേരാണ് മനസ്സിലാക്കുക. ഇതു കൊലപാതകം, ഭയങ്കരമായ കൊലപാതകമാണെന്നു ഞാനും ഉറപ്പിച്ചുപറയുന്നു.

"മി. ബഞ്ചമിൻ, ഒരു വാക്കു നിങ്ങളോടു പറയണമെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളുടെ സഭയിൽപെട്ട ആയിരക്കണക്കിനു യുവതീയുവാക്കന്മാർ പ്രതിവത്സരം സർവ്വകലാശാലാ ക്ലാസ്സ് മുറികളിൽവച്ച് തങ്ങളുടെ മതവിശ്വാസം ബലികഴിക്കുന്നുണ്ടെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാകുന്നു. ഈ അടുത്ത അവസരത്തിൽ ചിക്കാഗോയിൽ സമ്മേളിച്ച കോളേജ് ഡീൻ സ്ഥാനികളായ (പ്രോട്ടസ്റ്റാൻറ്) പാതിരിമാർ ഈ വസ്തുത വ്യസനപൂർവ്വം സമ്മതിച്ചിരിക്കുന്നു."

മി. ബഞ്ചമിൻ ഉല്കണ്ഠാപൂർവ്വം ആച്ചിയമ്മയുടെയും, അവിടെ സന്നിഹിതരായിരുന്ന മററുള്ളവരുടെയും മുഖത്തേയ്ക്ക് സാകൂതമായി ഒന്നുനോക്കി. (തുടരും)

കത്തോലിക്കാ യുവജനങ്ങളും

# സമുദായോദ്ധാരണവും.

(ജെ. കെ.)

1. സത്യം ജഗത്തിനു സമസ്തമൊഴുക്കിടാനായ്
പൃത്ഥിതലത്തിലതിഭാസ്സോടുദിച്ച സൂര്യൻ
മർത്ത്യാത്മപാലനഖിലേശ്വരപുത്രനീശോ
കൃത്യം നമുക്കു തുടരാൻ വരമേകിടട്ടെ !

2. ക്രിസ്തീയ ജീവിത വരിഷ്ഠ മഹാശയങ്ങൾ
നിത്യം പ്രവൃത്തിപരമാക്കി ഭുവിക്കുകാന്തി
ചിത്തം തെളിഞ്ഞു തെളിയിക്കുവതിന്നിറങ്ങും
ശുദ്ധാത്മധീവരസഹോദരരേ ! ജയിപ്പിൻ !

3. നല്ലോരു പോരിനു മുതിൻ നിർന്നിടേണം
എല്ലാടവും സമരകാഹളമുണ്ടുകേൾപ്പൂ
ഇല്ലില്ലസംശയമിതിന്നണമാത്രമിന്നി
വല്ലായ്മകണ്ടുമിതു കേട്ടുമിരിക്കയോനാം !

4. യുക്തിക്കെഴുന്ന മറപററി ദുഷിച്ച യുക്തി-
പ്രസ്ഥാനമേറെയധുനായുരുവാക്കിയെങ്ങും
അത്യന്തനാശവഴി മാന്തിനടന്നിടുന്ന-
ച്ചിത്തപ്രമാദികൾ നമുക്കെതിർപോരടിപ്പൂ !

5. ക്ഷാമം പരന്നു ജഗദെങ്ങുമിടിഞ്ഞിടുന്നു
ഭീമാകുലം പല കലാപമുണർന്നിടുന്നു
ക്ഷേമം തിരിഞ്ഞു ചിലർ 'ബോൾഷവിസം' തുടർന്നു
ഭൗമം ഭജിച്ചു ചിലർ ദൈവമതാക്കിടുന്നു.

6. ശൂന്യം ! നിരർത്ഥമിവ, ശാന്തിയൊരേടമില്ല
പാഞ്ഞായതിൽ പിറകേയോടിനടക്കിലും ഹാ !
ആറിന്നടുക്കലണയാതെ ലഭിക്കുമോത–
ണ്ണീരിന്നു ദാഹമിയലും മനുജൻ നിനച്ചാൽ ?

7. അന്ത്യംമറന്നിതഖിലേശ്വര ചിന്തവിട്ട-
സ്വാന്തം കരത്തിൽ നരനാശ്രയമാർന്നമൂലം
വന്നീവിധം ദുരിത,മെന്നു നരൻ തിരിച്ച-
ദ്ദൈവാജ്ഞകാക്കുമതുനാൽ ശുഭമാർന്നിടും കേൾ.

8. ലോകം ദുഷിച്ചു വഷളായിനിരക്ഷയില്ലെ–
ന്നാക്രോശമാരുമുരുവിട്ടു നടന്നിടേണ്ട
ലോകത്തിലുണ്ടു ബഹുനന്മ നിനസ്സിൽ മന്നും
നാകത്തൊടൊത്ത പരിശുദ്ധിവഹിച്ചുകൊള്ളും.

9. സ്വാതന്ത്ര്യമോടുരു സമത്വ സഹോദരത്വ–
മിത്യാദി വൻവൃകലരും നിനദം മുഴക്കാൻ
ചാടിപ്പുറത്തുവരുവോർ തിരുവേശുവിൻത-
ന്നാർദശമിന്നുവെടികിൽപ്പണിപാഴിലേവം.

10. സ്നേഹം, വിശുദ്ധി, സഹനം, ക്ഷമ, നീതിബോധം
ദീനാനുകമ്പ, പരമാർത്ഥ സഹോദരത്വം
ത്യാഗം, വിരക്തി, വിനയാദിഗുണങ്ങളെല്ലാം
നാമർത്ഥമാക്കിലുപശാന്തി നമുക്കലഭ്യം !

11. രാജാധിരാജനുടെ സൈനികർ നമ്മളെല്ലാം
രാജൻെറ മുദ്രയെവിടേയുമണിഞ്ഞിടേണം.
ക്രൂശാം മഹായുധ മഹാ ധനമാർന്നു നമ്മൾ
ക്രൂശുംവഹിച്ചിന്നിരണാങ്കണമെത്തിടേണം.

12. വിശ്വാസദാർഢ്യമതിൽ നമ്മളുറയ്ക്കുമെങ്കിൽ
വിശ്വത്തെ വെല്ലുമതു നിശ്ചയമെന്നതെങ്കിൽ
വിശ്വാസ സത്യപഠനം പരിണീയമിന്നെൻ-
വിശ്വാസധീരയുവസോദരരേ ! നിനപ്പിൻ.

13. സ്നേഹിപ്പതിന്നു ഹൃദയം ജഗദീശനേകി
നിസ്സ്വാർത്ഥമാണതു, ധരിക്കുക ക്രിസ്തുനാഥൻ
കൽവാരിതൻ കുരിശിലേറി നമുക്കു തന്ന-
ദ്ദിവ്യാമൃതം മധുരിതം ഹൃദി ചേർത്തിടേണം.

14. കാരുണ്യമാർന്ന കരതാരു ദരിദ്രരേയും
ആശ്വാസവാക്കു കഠിനാകുല ചിത്തരേയും
ആശ്ലേഷപൂർവ്വമനുരഞ്ജനഭാവമാക്കാൻ
ആത്മാർത്ഥമായിനി, നമുക്കു പരിശ്രമിക്കാം.

15. സ്നേഹം ജയിച്ചു ഭുവിശാന്തി വിളങ്ങിടട്ടേ,
ഭൗമം ത്യജിച്ചു നരനീശനിലെത്തിടട്ടേ,
സത്യാംബയാം സഭ നയിച്ചു നടത്തിടട്ടേ,
ധർമ്മാദിവാഞ്ഛയിനി നമ്മിലുമേറിടട്ടേ !

# ആശുപത്രിയിലെ ഒരു രോഗി.

(ശ്രീമാൻ അൻറണി സി. കോയിത്തറ ബി. എ.)

വൈകുന്നേരം മണി അഞ്ചടിച്ചു. ഫാദർ ജോസഫ് പള്ളിമുററത്തു് മന്ദം മന്ദം നടക്കുകയാണു്. പെട്ടെന്നു പള്ളിയു

ടെ മുൻഭാഗത്ത് നെടുനീളം കിടക്കുന്ന റോട്ടിലേക്കു അദ്ദേഹം നോക്കി. ഒരു സൈക്കിൾ റോട്ടിൽക്കൂടി സാവധാനത്തിൽ വരുന്നുണ്ട്. പരിഷ്കൃതരീതിയിലുള്ള വസ്ത്രവിശേഷങ്ങളാൽ അലംകൃതനായ ഒരു യുവാവാണ് സൈക്കിളിനെ നയിക്കുന്നത്. ഫാദർ ജോസഫിനു ആളെ മനസ്സിലായി. സൈക്കിൾ അടുത്തുവന്നു.

യുവാവ്: ഗുഡ് ഈവിനിംഗ്, ഫാദർ.

ഫാദർ: ഗുഡ് ഈവിനിംഗ്, മിസ്റ്റർ തോമസ്. ഏതായാലും തേടിയ വള്ളി കാലിൽ ചുററി. ഞാൻ തന്നെ കാണുവാൻ ധൃതിപ്പെട്ടിരിക്കുകയായിരുന്നു.

യുവാവ്: ഉം. എന്താ വിശേഷം ?

ഫാദർ: ഇന്നലെ ഞാൻ ആശുപത്രിയിൽ ഒരു രോഗിയെ കണ്ടു . . . . .

യുവാവ്: ഹാ ! ഹാ ! തരക്കേടില്ല. എറണാകുളം ജനറൽ ആശുപത്രിയിൽ അച്ചൻ ഒരു രോഗിയെ മാത്രമേ കണ്ടുള്ളൂ ? എന്നാൽ ആശുപത്രി പൂട്ടേണ്ട കാലം അതിക്രമിച്ചുപോയി.

ഫാദർ: കളി കളയൂ തോമസ്. ആ രോഗിയുടെ ജീവിതകഥ എന്നെ അയാൾ വിവരിച്ചുകേൾപ്പിച്ചു. ഇരുപതൊ ഇരുപത്തഞ്ചൊ വയസ്സായ ഒരു യുവാവാണ് അയാൾ. നിങ്ങൾക്കൂടി അയാളുടെ ജീവചരിത്രം കേൾക്കണം. അതുകൊണ്ടത്രെ തന്നെ കാണുവാൻ ഞാൻ താല്പര്യപ്പെട്ടത്.

യുവാവ്: നല്ലകഥ ! ഞാൻ എന്തിനാണച്ചാ ഈ രോഗിയുടെ ചരിത്രം കേൾക്കുന്നത് ? രോഗികളെയും മരണാസന്നരായവരെയും സന്ദർശിക്കുന്നതും അവരുടെ ജീവിതരഹസ്യങ്ങൾ അറിയുന്നതുമെല്ലാം നിങ്ങളുടെ കർത്തവ്യകർമ്മങ്ങളിൽ പെട്ടതാണ്. പക്ഷെ, പച്ചപ്പാപികളായ എന്നെപ്പോലുള്ളവർ എന്തിനാണ് രോഗികളുടെ അടുക്കൽ പോകുന്നത് ? കുമ്പസാരം കേൾക്കുന്നതിനൊ ദോഷം പോക്കുന്നതിനൊ ഉള്ള ശക്തി ഞങ്ങൾക്കുണ്ടോ ?

ഫാദർ: തോമസ്, ഒരു ആത്മമിത്രത്തിൻെറ സ്വാതന്ത്ര്യവും അധികാരവും ഉപയോഗിച്ചു ഞാൻ തന്നോടു താക്കീതു

ചെയ്യുന്നു. താൻ ആ രോഗിയെ സന്ദർശിക്കണം. അയാളുടെ ചരിത്രം തന്റെ ജീവിതത്തിൽ അതിപ്രധാനമായ ഒരു ഘട്ടത്തെ സംജാതമാക്കുമെന്നാണ് എന്റെ ഗാഢമായ വിശ്വാസം.

യുവാവ്: കഷ്ടം, കഷ്ടം, ഈ ളോവ ഇട്ടതോടുകൂടി ഇത്ര വലിയ പരിണാമങ്ങൾ വന്നുപോയല്ലോ. ഇപ്പോഴത്തെ റവറൻറ് ഫാദർ ജോസഫിനെക്കാൾ എത്രയൊ വിനോദരസികനായിരുന്നു പണ്ടത്തെ ആ കൊച്ചുമിടുക്കൻ പാപ്പച്ചൻ. അന്നത്തെ ആ കുസൃതി പാപ്പച്ചനാണ് എന്റെ മുമ്പിൽ ഇന്നീനില്ക്കുന്നതെന്നു എനിക്കു വിശ്വസിക്കാനെ വഹിയാ.

ഫാദർ: തോമസ്, മനുഷ്യജീവിതം മുഴുവനും കളിയല്ല. ചില സംഗതികൾ കാര്യമായി ഗണിക്കേണ്ടവയാണ്. ഈശ്വരസേവനം, ആത്മരക്ഷ, ആദിയായവ ഗൌരവതമങ്ങളായ കാര്യങ്ങളത്രെ . . . .

യുവാവ്: ഓ! അച്ചാ ദയവായി നിത്തണേ. ഈ പ്രസംഗപീഠരീതിയിലുള്ള സംഭാഷണം എനിക്കു സഹിക്കവാന്മേലാ. ഓ ഹോ! മണി അഞ്ചര കഴിഞ്ഞിരിക്കുന്നു. ക്ലബ്ബിൽ മിസ്റ്റർ ഭാസ്കരൻ ഇപ്പോൾ കാത്തിരിക്കുകയായിരിക്കും. ടെന്നീസ് കളിക്കുവാൻ ഞാൻ അഞ്ചു മണിക്കു ചെല്ലാമെന്നു പറഞ്ഞതാണ്. അതുകൊണ്ടു ഞാൻ പോകട്ടെ, അച്ചാ.

ഫാദർ: നില്ലുണം. എന്റെ ചോദ്യത്തിനു മറുപടി പറയൂ. ആ രോഗിയെ ചെന്നു കാണുമോ? ആ സന്ദർശനം തന്റെ ജീവിതഗതിയെ സാരമായി സ്പർശിക്കും. നിശ്ചയംതന്നെ. പോയെ തീരൂ.

യുവാവ്: ഇതു വിഷമമായല്ലോ. കൊള്ളാം. എന്തുമാവട്ടെ. ഞാൻ പോകാം. എന്നാലെങ്കിലും സൊല്ല ഒഴിഞ്ഞോട്ടെ. ഏതു വാർഡിലാണ് ഈ രോഗി കിടക്കുന്നത്?

ഫാദർ. രാമവമ്മവാർഡ് ൧-ാം നമ്പർ കട്ടിൽ. എന്റെ പേരു പറഞ്ഞാൽ മതി. അയാൾ വിവരമെല്ലാം പറയും.

ഫാദർ ജോസഫും മിസ്റ്റർ തോമസും ഏകദേശം സമവയസ്കരാണ്. എറണാകുളം സെൻറാൽബട്ട് ഹൈസ്കൂളിൽ അ

വർ ഒന്നിച്ചാണ് പഠിച്ചിരുന്നത്. ബോർഡിങ്ങിലായിരുന്ന താമസം. പാപ്പച്ചൻ, തോമാച്ചൻ എന്നീ പേരുകളിലാണ് അവർ അന്നറിയപ്പെട്ടിരുന്നത്. രണ്ടുപേരും ആത്മമിത്രങ്ങളും പരമ വികൃതികളുമായിരുന്നു. റെക്ടരച്ചന്റെ "ചൂരൽകഷായം" ദൈനംദിനമെന്നോണം അവർ സേവിക്കാറുമുണ്ടായിരുന്നു. എന്നാലും ബോർഡിങ്ങ്‌വാസം പൊതുവിൽ ആനന്ദപ്രദമായിരുന്നു എന്നാണ് അനന്തരകാലങ്ങളിലെ അവരുടെ അഭിപ്രായം.

ബോർഡിങ്ങ് ജീവിതം അവസാനിച്ചിട്ട വത്സരങ്ങൾ പത്തു കഴിഞ്ഞു. തോമാച്ചൻ ഇപ്പോൾ എറണാകുളത്തെ അഭിഭാഷകപ്രധാനിയായി ശോഭിക്കുകയാണ്. അഭിഭാഷകവൃത്തിക്കു പുറമെ സാഹിത്യപരമായ പ്രയത്നങ്ങളും അദ്ദേഹം ധാരാളം ചെയ്തിരുന്നു. നൈസർഗ്ഗികമായ വാസനയും മനഃപൂർവ്വമായ പരിശ്രമവും സംയോജിച്ചപ്പോൾ അദ്ദേഹത്തിന്റെ തൂലികാപ്രയോഗങ്ങൾ കേരളസാഹിത്യലോകത്തിൽ അഗ്രസ്ഥാനം കരസ്ഥമാക്കിത്തുടങ്ങി. കാലവിളംബമെന്യെ അദ്ദേഹം "കേരളകാഹള"ത്തിന്റെ പത്രാധിപസ്ഥാനം കൈയേററു. പുസ്തകങ്ങളും ധാരാളം എഴുതിത്തുടങ്ങി. ലേഖനവൈദഗ്ദ്ധ്യത്തിൽ മിസ്റ്റർ തോമസിനെ വെല്ലുവാൻ കേരളത്തിലാളില്ല എന്നു ജനാവലി ഉൽഘോഷിച്ചു.

മിസ്റ്റർ തോമസ് ഉൽകൃഷ്ടവും പുരാതനവുമായ ഒരു കത്തോലിക്ക കുടുംബത്തിലാണ് ജാതനായത്. വിദ്യാഭ്യാസകാലം മിക്കവാറും കത്തോലിക്ക സ്ഥാപനങ്ങളിൽതന്നെയാണ് കഴിച്ചതും. പക്ഷെ ഔദ്യോഗിക ജീവിതത്തിൽ പ്രവേശിച്ചതോടുകൂടി അദ്ദേഹത്തിന്റെ സ്വഭാവത്തിലും ജീവിതരീതിയിലും അനാശാസ്യമായ പല പരിണാമങ്ങളും കടന്നുകൂടി. ദിവസേന കുർബ്ബാന കാണലും കൊന്ത എത്തിക്കലും മററും വിദ്യാഭ്യാസനകാലത്തു പതിവുണ്ടായിരുന്നെങ്കിലും വക്കീലായതോടുകൂടി അതെല്ലാം അവസാനിച്ചു. "കൂട്ടുകെട്ട്" മിക്കവാറും അകത്തോലിക്കരും നിരീശ്വരവാദികളുമായ ചില യുവസ്നേഹിതരോടുകൂടിയായിത്തീന്നു. വെടിയും നേരമ്പോക്കും പറയുവാനും രസിക്കുവാനും ക

ത്തോലിക്കർ അത്ര പോരാ എന്നായി അദ്ദേഹത്തിന്റെ ഭാവം.

ഫലങ്ങൾ വിനാവിളംബം പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ കത്തോലിക്ക മനസ്ഥിതി നാമാവശേഷമായി. എത്രതന്നെ വളക്കൂറുള്ള മണ്ണിൽ മുളച്ചുവളൎന്ന ചെടിയാണെങ്കിലും ഇടക്കിടക്ക അല്പാല്പമായിട്ടെങ്കിലും വളവും വെള്ളവും ലഭിച്ചില്ലെങ്കിൽ കാലാന്തരത്തിൽ അതു വാടി വരണ്ടുപോകാതെ തരമില്ലല്ലൊ. മി. തോമസിന്റെ ശൈശവകാലത്തെ മതബോധവും വിശ്വാസദാർഢ്യവും പമ്പകടന്നു. പാപസങ്കീർത്തനവും ദിവ്യകാരുണ്യസ്വീകരണവും ആണ്ടിലൊരിക്കൽ മതിയെന്നു തീർച്ച്യാക്കി. ദിവ്യപൂജാപ്പണത്തിനു പണം വാങ്ങുന്നതു വൈദികരുടെ ഒരുതരം 'വേലത്തര'മാണെന്നും 'ഹന്നാൻവെള്ളം' ഉപയോഗിക്കുന്നതു അനാരോഗ്യകരമാണെന്നും മററും അദ്ദേഹം ഉൽഘോഷിച്ചു തിരുസ്സഭയുടെ പാരമ്പര്യ പഠനങ്ങളും മററും നട്ടെല്ലില്ലാത്ത മിണ്ടാപ്പാവകളെമാത്രം കബളിപ്പിക്കുവാൻ പ്രാപ്തങ്ങളായ പഴമ്പുരാണങ്ങളാണെന്നും കത്തോലിക്ക തിരുക്കർമ്മങ്ങളുടെ 'മട്ടും മാതിരിയും' കാലാനുസൃതമായി നവീകരിക്കേണ്ടതാണെന്നുമുള്ള ശാഠ്യം അദ്ദേഹത്തിൽ കലശലായി. വൈദികൻ തുടങ്ങിയ അധികാരികളുടെ കുററങ്ങളും കുറവുകളും സ്ഥാനത്തും അസ്ഥാനത്തും അദ്ദേഹം അന്വേഷിച്ചുതുടങ്ങി. ആകപ്പാടെ മിസ്റ്റർ തോമസ് ഒരു തികഞ്ഞ 'യുക്തിവാദി' ആകുവാൻ 'കച്ചകെട്ടി.'

അദ്ദേഹത്തിന്റെ നവീനാശയങ്ങൾ തൂലികാമാർഗ്ഗേണ ജനതാമദ്ധ്യത്തിൽ പ്രചരിച്ചു. വായനക്കാർ സന്തോഷസംഭ്രാന്തരായി. ഫലിതസമ്മിശ്രമായ രീതിയിൽ മനോജ്ഞമായ ഭാഷയിൽ പ്രത്യക്ഷപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളിലെയും പുസ്തകങ്ങളിലെയും ദോഷാംശങ്ങൾ കണ്ടുപിടിക്കുക വായനക്കാൎക്കു സുസാദ്ധ്യമായിരുന്നില്ല. പല കത്തോലിക്ക ഭവനങ്ങളിലും, ആട്ടിൻതോലണിഞ്ഞ ചെന്നായെപ്പോലെ അവ സ്ഥലം പിടിച്ചു.

അനേകം കത്തോലിക്ക വൈദികരും, വിശിഷ്യ എറണാ-

കുളത്തെ ഒരു പ്രധാന ഇടവകയുടെ വികാരിയായിരുന്ന ഫാദർ ജോസഫും, മിസ്റ്റർ തോമസിൻെറ ലേഖനരീതിയെ നന്നാക്കുന്നതിന് അത്യന്തം യത്നിച്ചു. പക്ഷെ ഫലം കേവലം ശൂന്യമായിരുന്നു. "എൻെറ മനസ്സാക്ഷിക്കു അനുയോജ്യമായിട്ടാണ് ഞാൻ പ്രവൎത്തിക്കുന്നതു്. ചിന്താസ്വാതന്ത്ര്യം മനുഷ്യൎക്കു ഈശ്വരദത്തമായ ഒരു അമൂല്യസമ്പത്തല്ലേ ? 'മുമ്പേ ഗമിച്ചീടിന ഗോവു് തൻെറ പിമ്പേ' ബാക്കിയുള്ള ഗോക്കളെല്ലാം ഗമിക്കണമെന്നുള്ള ദുൎവ്വിധി ഈ ഇരുപതാം ശതാബ്ദത്തിലെങ്കിലും നീങ്ങുന്നതു അഭിലഷണീയമല്ലെന്നുണ്ടോ ?" എന്നെല്ലാമായിരുന്നു ഫാദർ ജോസഫിനും മററു വൈദികൎക്കും മിസ്റ്റർ തോമസ് നിരന്തരം നൽകിയിരുന്ന 'അങ്ങുമിങ്ങും തൊടാതുള്ള' മറുപടികൾ.

പള്ളിമുററത്തുവെച്ചുണ്ടായ സംഭാഷണം കഴിഞ്ഞ പിറെറദിവസം മി. തോമസ് ജനറൽ ആശുപത്രിയിൽ എത്തി. വാഗ്ദത്താനുഷ്ഠാനത്തിൽ അദ്ദേഹത്തിനു അതിനിഷ്കൎഷയുണ്ടായിരുന്നു. തന്മൂലം രോഗിയെ സന്ദൎശിക്കുന്നതിനുതന്നെ അദ്ദേഹം നിശ്ചയിച്ചു.

രാമവൎമ്മവാർഡിൽ ൧-ാം നമ്പർ കട്ടിൽ അദ്ദേഹം തേടിപ്പിടിച്ചു. മൂടിപ്പുതച്ചു തളൎന്നു മയങ്ങി കിടന്നിരുന്ന ആ രോഗി മി. തോമസിൻെറ പാദപതനശബ്ദം കേട്ടു കണ്ണു തുറന്നു. നിദ്രാഭംഗം ചെയ്തതിനെക്കുറിച്ചു മി. തോമസു ക്ഷമാപണം ചെയ്തു. കൂട്ടത്തിൽ ഫാദർ ജോസഫ് അയച്ചിട്ടാണ് താൻ വന്നതു് എന്നുകൂടി പ്രസ്താവിച്ചു.

രോഗി. ഓ ! ഫാദർ ജോസഫിൻെറ സ്നേഹിതനാണോ ? എനിക്കു മനസ്സിലായില്ല. എൻെറ ഒരു പ്രത്യേക സംരക്ഷകനാണ് ഫാദർ ജോസഫ്.

മി തോമസ്: ഇന്നലെയാണ് അച്ചൻ എന്നോടു നിങ്ങളെപ്പററി പറഞ്ഞതു്.

രോഗി: അദ്ദേഹത്തിൻെറ പലേ സ്നേഹിതന്മാരേയും എന്നെക്കാണുന്നതിനു അച്ചൻ പറഞ്ഞയക്കാറുണ്ട്. സുഖക്കേടിൻെറ ശല്യത്തിനും സമയം പോകാത്തുള്ള വിഷമത്തിനും പ

റിയ ഒരു നിവാരണമാർഗ്ഗമാണ് നിങ്ങളെപ്പോലുള്ള മഹാമന സ്സുകളുടെ സന്ദർശനങ്ങൾ. ഏതായാലും ഫാദർ ജോസഫിനോട് ഞാൻ അത്യന്തം കടപ്പെട്ടിരിക്കുന്നു. എന്നോടുമാത്രമല്ല, ഇവി ടെയുള്ള സകല രോഗികളോടും അദ്ദേഹത്തിനു അതിവാത്സല്യ മുണ്ട്. ലോകത്തിൽ ഒരാളോടുപോലും അദ്ദേഹത്തിനു വിരോധ മുണ്ടെന്നു തോന്നുന്നില്ല.

മി. തോമസ്: എന്നോടുമാത്രം അത്ര ഇഷ്ടമില്ലായിരിക്ക ണം. (മി. തോമസ് പുഞ്ചിരിയിട്ടു.)

രോഗി: അതേന്താ? അദ്ദേഹത്തിനു ഇഷ്ടമില്ലാത്തതായി നിങ്ങൾ എന്താണ് പ്രവർത്തിച്ചതു്? ഓ! എൻെറ ജിജ്ഞാസ ക്ഷമിക്കണേ. ഞാൻ പെട്ടെന്നു ചോദിച്ചുപോയതാണ്. എ ന്നോടു പറയണ്ട....

മി. തോമസ്: ഹേയ്! ചോദിച്ചതിൽ തെററൊന്നുമില്ല. നിങ്ങൾ കേൾക്കതന്നെവേണം. ഞാൻ പറയാം. ഇന്നു ഫാദർ ജോസഫ് എന്നോടു ഇഷ്ടമായിട്ടാണ് പെരുമാറിയതു. ഒരുപ ക്ഷെ അദ്ദേഹം സ്വന്തം തെററു മനസ്സിലാക്കിയിരിക്കണം. എ ൻെറ മഹാപരാധം എന്നു അദ്ദേഹം ഗണിച്ചിരുന്നതു് പിശകി പ്പോയി എന്നു ഇപ്പോൾ ഗ്രഹിച്ചിരിക്കാം. സംഗതി എന്താ ണെന്നു പറഞ്ഞില്ലല്ലോ. ഞാൻ ഉപായത്തിൽ ഒരു ഗ്രന്ഥക ർത്താവാണ്. ഞാനെഴുതിയ ഒരു പുസ്തകം അദ്ദേഹത്തിനു ഒട്ടും രസിച്ചില്ല. അതു പ്രസിദ്ധീകരിക്കരുതെന്നു പറഞ്ഞു അദ്ദേഹം ശഠിക്കുന്നതു് ഇപ്പോഴും എൻെറ കർണ്ണരന്ധ്രങ്ങളിൽ ധ്വനിക്കു ന്നുണ്ട്. അപ്പോൾ അദ്ദേഹത്തിൻെറ ഭാവം കാണേണ്ടതുതന്നെ ആയിരുന്നു. അനൊന്നെ തല്ലിയില്ല എന്നേയുള്ളു. ഞാൻ പുസ്ത കം അച്ചടിപ്പിക്കുമെന്നു ഉറച്ചുതോടുകൂടി അച്ചൻെറ അരിശവും മൂത്തു. ചാടിക്കയെത്തുകൊണ്ടു സംഹാരരുദ്രനെപ്പോലെ അങ്ങേ രു ഗർജ്ജിച്ചുതുടങ്ങി. "ഈ പുസ്തകംമൂലം ആത്മാക്കൾ നശിക്കു ന്നതിനിടയായാലോ? അപ്പോൾ തൻെറ മനഃസ്ഥിതിയെന്തായി രിക്കും?" പക്ഷെ അത്തരം ചോദ്യങ്ങൾക്കു ഉത്തരമുണ്ടോ? ഞാനൊ എൻെറ പുസ്തകമൊ ആണൊ നരകത്തിലേക്ക് ആ

ന്മാക്കൾക്കു "പാസ്സ്പോർട്ട്" കൊടുക്കുവാനുള്ള ഭാരം ഏറ്റിരിക്കുന്നതു്. ഞാൻ പുസ്തകം അച്ചടിപ്പിച്ചു. പുസ്തകത്തിൽ ഗ്രന്ഥകർത്താവിന്റെ നാമധേയം മാത്രം കാണിച്ചില്ല. എങ്കിലും അവിടെയും ഇവിടെയും പൊട്ടിത്തെറിച്ചു, പണ്ടാരോ പറഞ്ഞകൂട്ടത്തിൽ "വറുത്തോടത്തു തെറിച്ചു, തെറിച്ചോടത്തു വറുത്തു" പലരും എന്റെ രഹസ്യം മനസ്സിലാക്കി. അനുമോദനക്കത്തുകളും മറ്റും ധാരാളം വന്നുചേൻ്നു. ആകപ്പാടെ ആ പുസ്തകം കേരളസാഹിത്യനഭോമണ്ഡലത്തിൽ എനിക്കു ഒരു നിലയും വിലയും ഉണ്ടാക്കിത്തീൎത്തു. ആ പുസ്തകത്തിന്റെ പ്രസിദ്ധീകരണമാണു് "കേരളകാഹള"ത്തിന്റെ പത്രാധിപസ്ഥാനം ലഭിക്കുവാൻ എനിക്കിടയാക്കിയതു്. ഞാൻ വമ്പു പറയുന്നതല്ലാ, "കേരളകാഹള"ത്തെ ജയിക്കുവാൻ മറ്റൊരു പത്രം ഇന്നു മലയാളത്തിലില്ല.

രോഗി: അതുകൊണ്ടായിരിക്കണം നിങ്ങളെപ്പറ്റി ഇന്നലെ അച്ഛൻ എന്നോടു പറഞ്ഞതു്. ഞങ്ങൾ പുസ്തകങ്ങൾ, പത്രപ്രവൎത്തനം ആദിയായ കാൎയ്യങ്ങളെപ്പറ്റി സംസാരിച്ചിരിക്കുകയായിരുന്നു. എന്റെ ജീവിതത്തെ നാശപന്ഥാവിലേക്കു നയിച്ചതു് ഒരു പുസ്തകം ആണെന്നു ഞാൻ അദ്ദേഹത്തോടു പറയുകയുണ്ടായി.

മി. തോമസ്: അത്തരം പുസ്തകങ്ങൾ എഴുതുന്ന ഒരാളാണു് ഞാനെന്നു അദ്ദേഹം അപ്പോൾ പറഞ്ഞു, അല്ലേ? - മി. തോമസ് സാവധാനത്തിൽ ചിരിച്ചു. അനന്തരം അയാൾ പെട്ടെന്നു ചോദിച്ചു: "ആട്ടെ ആ പുസ്തകത്തിന്റെ കാൎയ്യം പറയൂ. അതിത്ര മോശമായിരുന്നോ?"

രോഗി. (തലയിണമേൽ ചാരിയിരുന്നു പറഞ്ഞുതുടങ്ങി) മോശമാണെന്നു ആൎക്കും തോന്നുകയില്ല. അതിനാലാണു് അപകടം. വായിച്ചുതുടങ്ങിയാൽ അവസാനിക്കാതെ നിലത്തു വെക്കുകയില്ല. ഒന്നാംതരം ഭാഷ. രസകരമായ രീതി. സമൎത്ഥമായ ഫലിതപ്രയോഗം. പാരായണവേളയിൽ പുസ്തകം ചീത്തയാണെന്നു സാധാരണക്കാർ പറയില്ല. അനന്തരമാണു് ഫലങ്ങൾ പുറത്തു വരുന്നതു്. അതു വായിച്ചതോടുകൂടി ലൗകികസുഖം മാത്ര

മാണ് മനുഷ്യജീവിതത്തിൻെറ പരമോദ്ദേശം എന്നൊരു ഭ്രമം എന്നിൽ കടന്നുകൂടി. മതവും ഈശ്വരനുമെല്ലാം വെറും കെട്ടുകഥകളാണെന്നുതന്നെ ഞാൻ കരുതി. മരണാനന്തരജീവിതം എന്നൊന്നില്ലാ എന്നായി എൻെറ വിശ്വാസം. ഭൌമികവാസം പാടുള്ളത്ര സുഖകരമാക്കിത്തീക്കുവാൻ ഞാൻ യത്നിച്ചു. ആട്ടം, പാട്ട്, മദ്യപാനം തുടങ്ങിയ പടികൾ ഒന്നൊന്നായി തരണംചെയ്തു നാശകൂപത്തിൻെറ അഗാധതയിൽ ഞാൻ പതിച്ചു. വിഷസങ്കലിതമായ ജലാശയത്തിൽ നീന്തി വിഹരിക്കുന്ന മത്സ്യപോതത്തെപ്പോലെ ഞാൻ സന്തോഷിച്ചു. ഫലങ്ങൾ അനതിദൂരമായ ഭാവിയിൽ പ്രത്യക്ഷപ്പെട്ടു. സമ്പത്തും ശ്രേയസ്സും ആരോഗ്യവും സുഹൃത്തുക്കളും ഒന്നൊന്നായി എന്നെ വെടിഞ്ഞു. ഈ ആശുപത്രിയിലെ കട്ടിൽമാത്രം എനിക്കു ശേഷിച്ചു.

ആ യുവാവിൻെറ വിളറിയ വദനം ശോണവൎണ്ണമായി ശോഭിച്ചു. അതീതസംഭവങ്ങളുടെ സ്മരണ അയാൾക്കു അത്യന്തം ക്ലേശാവഹമാണെന്നു മി. തോമസ് മനസ്സിലാക്കി.

അവ്യക്തങ്ങളായ വിവിധവിചാരപരമ്പരകൾ മിന്നൽപിണർവേഗത്തിൽ മി. തോമസിൻെറ അന്തരംഗത്തിൽക്കൂടി പ്രയാണംചെയ്തു. അജ്ഞേയമായ ഏതോ ശക്തിയാൽ പ്രേരിതനായിട്ടെന്നപോലെ പെട്ടെന്നായിരുന്നു അയാളുടെ അടുത്ത ചോദ്യം. “ആ പുസ്തകത്തിൻെറ പേരെന്താണ് ?”

രോഗി. “കളകളാരവം.”

ഫാദർ ജോസഫിൻെറ നേരെ മി. തോമസിനു കഠിനമായ കോപം തോന്നി. “ഇതായിരുന്നു അങ്ങേരുടെ ഉദ്ദേശം. ഇതിനാണ് എന്നെ ഇങ്ങോട്ടു പറഞ്ഞയച്ചത്. പക്ഷെ ഞാനെന്തുവേണം. അവിടെയും ഇവിടെയും തൊട്ടാവാടികളും ഇയ്യാമ്പാററകളും വാടണതും കരിയണതുമെല്ലാം എൻെറ പുസ്തകംനിമിത്തമാണൊ ? നല്ലകഥ !” എന്നിങ്ങനെ അയാൾ ചിന്ത തുടങ്ങി. സാവധാനത്തിൽ അയാളുടെ ദൃഷ്ടികൾ കട്ടിലിൽ കിടക്കുന്ന രോഗിയുടെ മുഖത്തു പതിച്ചു. വാടിവരണ്ട ആ വദനപ്രദേശവും കുഴിക്കിണറുകൾപോലെ അഗാധങ്ങളായി ജീവചൈത

ന്യം മിക്കവാറും നശിച്ച ആ നയനങ്ങളും അസ്ഥിയും തോലും മാത്രം ശേഷിച്ച ആ ശുഷ്കിച്ച ശരീരവും തോമസിന്റെ മനസ്സിൽ ഒരു കലക്കം ഉളവാക്കി. ദൈവപ്രസാദത്തിന്റെ പ്രവൎത്തനം പെട്ടെന്നായിരുന്നു. മി. തോമസിന്റെ മുഖം അരുണവൎണ്ണമായി. ദൃഷ്ടികളെ ജലബിന്ദുക്കൾ ആവരണംചെയ്തു. ആ യുവാവിന്റെ ജീവിതനാശത്തിന്നുത്തരവാദി താനാണെന്നുള്ള ബോധം അദ്ദേഹത്തിൽ ഗാഢമായി പതിഞ്ഞു. ഇതെല്ലാം ഞൊടിയിടകൊണ്ടു കഴിയുകയും ചെയ്തു. മന്ദസ്വരത്തിൽ രോഗി സംസാരിച്ചു: "ഞാൻ ആ പുസ്തകത്തെപ്പററി ചിന്തിക്കുകയായിരുന്നു. ഒത്തുനോക്കണെ! പുസ്തകങ്ങൾക്കുള്ള ശക്തി സീമാതീതംതന്നെ. ഒരു ചീത്ത പുസ്തകം മൂലം എത്ര മനുഷ്യരുടെ ആത്മശരീരങ്ങൾ നശിക്കുന്നതിന്നിടയാകാം. പ്രത്യുത, വിശിഷ്ടാശയങ്ങൾ നിറഞ്ഞ ഒരു പുസ്തകം മൂലം എത്ര പാപികൾ ജീവിതവിശുദ്ധിയിലേക്കു ആനയിക്കപ്പെടാവുന്നതാണ്. നിങ്ങളുടെ പുസ്തകങ്ങൾ എല്ലാം ലോകോപകാരപ്രദങ്ങളായ സൽഗ്രന്ഥങ്ങൾ ആണ്, അല്ലേ?"

മി. തോമസ്: അല്ലാ, അല്ലാ, അവയെല്ലാംതന്നെ ആദ്യം പറഞ്ഞ പുസ്തകത്തിന്റെ തരത്തിൽ പെട്ടവയാണ്.

രോഗി: ആദ്യം പറഞ്ഞ പുസ്തകമോ? ഏതു?

മി. തോമസ്: "കളകളാരവം."

രോഗി: നിങ്ങളാണൊ "കളകളാരവ"ത്തിന്റെ കൎത്താവ്?

മി. തോമസ്: അതെ.

രോഗി: നല്ലവനായ ദൈവം നിങ്ങളോടു ക്ഷമിക്കട്ടെ.

ദീൎഘസംഭാഷണത്താലും വികാരകാഠിന്യത്താലും ക്ഷീണിച്ച ആ രോഗി സ്വല്പസമയത്തേക്കു സംഭാഷണം തുടരുന്നതിനു പ്രാപ്തനാകാതെ തളൎന്നു കിടന്നു. വാമഹസ്തത്താൽ ഫാലപ്രദേശത്തെ താങ്ങി ചിന്താമഗ്നനായി മി. തോമസും കുറച്ചുനേരം സ്ഥിതിചെയ്തു. രോഗിയാണു വീണ്ടും സംസാരം ആരംഭിച്ചതു്.

രോഗി: (ചെറുതായൊരു പുഞ്ചിരിയോടുകൂടി) എനിക്കു ഒ

രു അപേക്ഷയുണ്ടു. സാധിച്ചുതരുമോ ?

മി. തോമസ്: എന്താണു ? പറയണം.

രോഗി: സാധിച്ചുതരുമോ ? അതുപറ ആദ്യം.

മി. തോമസ്: എന്നെക്കൊണ്ടു സാധിക്കുന്നതാണെങ്കിൽ നിശ്ചയമായും നിവൎത്തിച്ചുതരാം.

രോഗി: (സന്തോഷപൂൎവ്വം) ഇനിമേലിൽ ഇത്തരം പുസ്തകങ്ങൾ എഴുതുകയില്ലെന്നു ഒന്നു വാക്കുപറഞ്ഞാൽ മതി. ആ വാഗ്ദാനം ഈ രോഗക്കിടക്കയിലും എന്റെ മരണനേരത്തും അത്യധികമായ സമാധാനത്തെ എനിക്കു പ്രദാനം ചെയ്യും.

മി. തോമസ്: അതു് ഞാൻ നിശ്ചയിച്ചുകഴിഞ്ഞല്ലൊ. അത്തരം പുസ്തകങ്ങൾ ഇനി എഴുതുകയില്ല എന്നുമാത്രമല്ലാ, "കളകളാരവം" ഇനി അച്ചടിപ്പിക്കുകയുമില്ല. ദൈവസ്തുതിക്കായി മാത്രമെ എന്റെ തൂലികയെ ഭാവിയിൽ ഞാൻ ഉപയോഗിക്കുകയുള്ളൂ. ഇവിടെയാണ് എനിക്കു തെററിപ്പോയതു. ഈശ്വരമഹത്വത്തിനു പകരം എന്റെ കീൎത്തിയായിരുന്നു ഇതഃപൎയ്യന്തം എന്റെ ലാക്കു. ഈശ്വരസേവനവും ആത്മരക്ഷയും മാത്രമായിരിക്കും മേലാൽ എന്റെ ജീവിതോദ്ദേശം."

അവർ യാത്രപറഞ്ഞു പിരിഞ്ഞു. തദവസരത്തിൽ ആ സാധ്വീരോഗിയുടെ മുഖത്തു കളിയാടിയ പുഞ്ചിരിപ്പൂനിലാവു, വഴിതെററിപ്പോയ ആട്ടിൻകുട്ടിയെ കണ്ടുകിട്ടുമ്പോൾ സ്വൎഗ്ഗീയ ഇടയൻ തൂകുന്ന മൃദുമന്ദഹാസത്തിന്റെ സ്മരണയെ ആണ് മി. തോമസിന്റെ മനസ്സിലുദിപ്പിച്ചതു്. സന്തോഷവും സമാധാനവും മി. തോമസിന്റെ ഹൃദയകുംഭത്തെ നിറച്ചു.

## ജ്ഞാനസ്നാനകൎമ്മം. (തുടൎച്ച)

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

പിശാചുബഹിഷ്കരണം: സഭാപിതാക്കന്മാരുടെ അദ്ധ്യാപനമനുസരിച്ചു ജ്ഞാനസ്നാനമേററിട്ടില്ലാത്തവന്റെ ആത്മാവു

പിശാചങ്ങളുടെ പ്രത്യേകാധീനത്തിലാണ് സ്ഥിതിചെയ്യുന്നത്. ആകയാൽ പരിശുദ്ധ തമത്രിത്വത്തിലെ മൂന്നാളുകളുടെയും നാമത്തിൽ പിശാചിനോടു ദൈവത്തിന്റെ ആ ദാസനിൽനിന്നു വിട്ടുപോകുവാൻ കല്പിക്കുന്നു. അനന്തരം അവന്റെ നെററിയിൽ ഇനി ഒരിക്കലും പിശാചിന്റെ ബാധ ഉണ്ടാകാതിരിക്കുന്നതിനും, ഉണ്ടായാൽ തടുക്കുന്നതിനുമായി കുരിശിന്റെ അടയാളം വരയ്ക്കപ്പെടുന്നു.

വൈദികൻ തന്റെ വലതു കൈ കുട്ടിയുടെ തലയിൽ വെച്ചുകൊണ്ടു മറെറാരു മനോജ്ഞമായ പ്രാത്ഥന ചൊല്ലുന്നു. പ്രകാശത്തിന്റെയും സത്യത്തിന്റെയും കത്താവായ പരമ പിതാവു തന്റെ ഈ നവദാസനെ വിവേചനാബുദ്ധിയാകുന്ന പ്രകാശംകൊണ്ടു പ്രകാശിപ്പിക്കണമെന്നും അഥവാ വിശുദ്ധീകരിച്ചു ഒരു പുണ്യവാനാക്കണമെന്നും, അന്യഥാ, ജ്ഞാനസ്നാനവരപ്രസാദംകൊണ്ടു അവനു ദൃഢമായ ശരണവും, അപങ്കിലമായ ആലോചനയും പരിശുദ്ധമായ പ്രമാണവും ലഭിക്കുന്നതിനു പയ്യാപ്തമായ ജ്ഞാനം നൽകണമെന്നാണ് ആ പ്രാത്ഥനയുടെ സാരം.

അനന്തരം വൈദികൻ, താൻ ധരിച്ചിരിക്കുന്ന സ്റ്റോളയുടെ അററം കുട്ടിയുടെമേൽ തൊടിയിച്ചിട്ടു ദേവാലയത്തിനുള്ളിൽ പ്രവേശിപ്പിക്കുന്നു. പൂവ്വകാലങ്ങളിൽ ജ്ഞാനസ്നാനാത്ഥികളെ സാഘോഷം ദേവാലയത്തിലേയ്ക്കു ഘോഷയാത്ര മുറയ്ക്കു നയിച്ചിരുന്നതിന്റെ ഒരു സ്മരണയെയാണ് ഈ കമ്മം സൂചിപ്പിക്കുന്നതു്. അതിനുശേഷം ജ്ഞാനസ്നാനമാതാപിതാക്കൾ വൈദികനൊന്നിച്ചു കുട്ടിയുടെ നാമത്തിൽ "വിശ്വാസപ്രമാണ"വും "ആകാശങ്ങളിലിരിക്കുന്ന"തും ഉറക്കെ ഉച്ചരിച്ചുകൊണ്ടു വിശ്വാസപ്രഖ്യാപനം ചെയ്യുന്നു.

"എഫേത്താ"യും പ്രതിജ്ഞകളും: മറെറാരു പിശാചുബഹിഷ്ക്കരണത്തിനുശേഷം "എഫേത്താ" കമ്മം നടത്തപ്പെടുന്നു. വൈദികൻ തന്റെ തള്ളവിരൽ സ്വന്തം നാവിൽ തൊട്ടു തുപ്പൽകൊണ്ടു നനച്ചിട്ടു കുട്ടിയുടെ ചെവികളിലും നാസാരന്ധ്റങ്ങ

നവമ്പർ മാസത്തിലെ

# പൊതുനിയോഗം.

യാതൊരു ഒരുക്കവുംകൂടാതെ മരണത്തിനു വിധേയരാകുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുക.

**കപ്പൽനാശം, യുദ്ധം, അശനിപാതം മുതലായവയാൽ യാദൃച്ഛികമരണം പ്രാപിക്കുന്നവരുടെ സംഖ്യ ഒട്ടുവളരെയുണ്ടു്. അവൎക്കു ദൈവസഹായമല്ലാതെ വൈദികശുശ്രൂഷകളോ മററോ ലഭിക്കാൻ പ്രായേണ പ്രയാസമാണു്. ഇങ്ങിനെ യാതൊരു ഒരുക്കവുംകൂടാതെ പെട്ടെന്നു മരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാൎക്കുവേണ്ടി ഈ മാസത്തിൽ തിരുഹൃദയസഭക്കാർ പ്രത്യേകം പ്രാൎത്ഥിക്കേണ്ടതാണു്.**

---

ളില്പം മെല്ലെ തൊട്ടുകൊണ്ടു "എഫേത്താ ഇൻ ഒദോരെ സ്വാവിത്താത്തിസ്" അതായതു് മാധുൎയ്യത്തിന്റെ പരിമളത്തിൽ നീ തുറക്കപ്പെടട്ടെ. അശുദ്ധാത്മരൂപിയായ പിശാചേ, നീ ഇവനെ വിട്ടുപോകുക; എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ന്യായവിധിക്കുള്ള സമയംവരും എന്ന വാക്കുകൾ ഉച്ചരിക്കുന്നു.

ചെവികളെ സ്പൎശിക്കുന്നതു ദൈവവചനത്തെ മനസ്സിലാക്കുവാൻ ബുദ്ധിയെ തുറന്നു കൊടുക്കുന്നതിനെയത്രെ സൂചിപ്പിക്കുന്നതു്. നാസാരന്ധ്രസ്പൎശനമാകട്ടെ, ആദ്ധ്യാത്മിക ജീവിതത്തിന്റെ മാധുൎയ്യത്തെയും കുറിക്കുന്നു. തുപ്പലിന്റെ പ്രയോഗം, നമ്മുടെ ദിവ്യരക്ഷകൻ ഒരിക്കൽ ഒരു അത്ഭുതം പ്രവൎത്തിക്കാൻ ഉപയോഗപ്പെടുത്തിയ ഉപകരണത്തെ അനുസ്മരിപ്പിക്കയും ചെയ്യുന്നു.

അനന്തരം നടക്കുന്നതു് ജ്ഞാനസ്നാനത്തിൽ ചെയ്യുന്ന പ്രതിജ്ഞകളാണു്. വൈദികൻ കുട്ടിയുടെ പേർ ചൊല്ലി ചോദിക്കുന്നു: "നീ പിശാചിനെ ഉപേക്ഷിക്കുന്നോ?" "ഞാൻ ഉപേക്ഷിക്കുന്നു" എന്നു ജ്ഞാനസ്നാനമാതാപിതാക്കൾ ഉത്തരം പറയുന്നു. "അവന്റെ സകല പ്രവൃത്തികളെയും ഉപേക്ഷിക്കുന്നുവോ?" "ഞാൻ ഉപേക്ഷിക്കുന്നു." "അവന്റെ സമസ്താഘോഷങ്ങളെയും ഉപേക്ഷിക്കുന്നുവോ?" "ഞാൻ അവയെ ഉപേക്ഷിക്കുന്നു."

(തുടരും.)

# പുസ്തകാഭിപ്രായം.

൫. "വിശുദ്ധ പുണ്യം."

ഗ്രന്ഥകൎത്താ: റവ. ഫാദർ ഗ്രഗരി. സി. ഡി.; സെയിൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

"വിശുദ്ധ പുണ്യം" എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം ആത്മശരീരശുദ്ധതയെപ്പററി പ്രതിപാദിക്കുന്ന ഒന്നാണു. ശുദ്ധത എന്നാൽ എന്തു? അതിൻെറ ആവശ്യകത എന്തു?, ശുദ്ധതയുടെ വൈശിഷ്ട്യവും അമൂല്യഫലങ്ങളും, ശുദ്ധതയെ വലയംചെയ്യുന്ന അപകടങ്ങൾ, ശുദ്ധതയെ പാലിക്കുന്നതിനുള്ള ഉപകരണങ്ങൾ, അശുദ്ധതയുടെ ഭയങ്കരത്വവും അശുദ്ധൎക്കുള്ള ശിക്ഷകളും, പൈശാചിക പരീക്ഷകൾ, പഞ്ചേന്ദ്രിയങ്ങളേയും ആത്മീയവശങ്ങളേയും വേണ്ടവിധം നിയന്ത്രിക്കുന്നവരത്രെ ശുദ്ധതയുള്ളവർ, ഇങ്ങിനെ ഇതിൽ ഏഴു അദ്ധ്യായങ്ങളാണുള്ളതു്. ഓരോ അദ്ധ്യായവും വിഷയവിശകലനം ചെയ്തു വിശദമാക്കീട്ടുണ്ടു്. സുലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം എല്ലാവരും വായിച്ചു ഫലം പ്രാപിച്ചു കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നല്ല കടലാസിൽ ഭംഗിയായി അടിച്ചിട്ടുള്ള ഈ ഗ്രന്ഥം നാലണ കൊടുത്തു വാങ്ങിയാൽ അതു ഒരു നഷ്ടമായിപ്പോയെന്നു ഒരിക്കലും വിചാരിക്കേണ്ടിവരികയില്ല.

൬. "അധ്യായപ്രേഷകത്വം."

പരിഭാഷകൻ: ബ്രദർ ജേ. ഡിക്രൂസ്.

'വീരമാമുനി'യെന്ന അപിരാഭിധാനമുള്ള റവ. ഫാദർ കോൺസ്റ്റാൻസ്സു് ബെസ്കി എസ്സ്. ജെ. അവർകളുടെ "വേദിയർ ഒഴുക്കം"മെന്ന തമിഴ് ഗ്രന്ഥത്തിൻെറ തൎജ്ജിമയാണു ഞങ്ങളുടെ മുമ്പിലിരിക്കുന്ന "അധ്യായപ്രേഷകത്വം." ആത്മായപ്രേഷിതർ അവശ്യം അറിഞ്ഞിരിക്കേണ്ട പല തത്വങ്ങളും അടങ്ങിയിരിക്കുന്ന ഈ പുസ്തകം കേരളീയ കത്തോലിക്കൎക്കു പൊതുവിലും ഉപദേശികൾക്കു പ്രത്യേകിച്ചും ആവശ്യമാണു്. തമിഴ്‌നാടുകളിൽ ധാരാളം പ്രചാരമുള്ള ഈ ഗ്രന്ഥം മലയാളികളും വേണ്ടവിധത്തിൽ ആദരിക്കാതിരിക്കയില്ല. ഭാഷാസംബന്ധമായി ഇതിൽ വന്നുപോയിട്ടുള്ള ന്യൂനതകൾ അടുത്ത പതിപ്പിൽ പരിഹരിക്കപ്പെടുന്നതാണെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുകയും ഗ്രന്ഥകൎത്താവിനു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. പത്തണ വിലയുള്ള ഈ പുസ്തകം മി. ഫിലിപ്പ് കൊററ, നല്ലിടയൻെറ പള്ളി, കോട്ടയം എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

൩. "ആ മഹനീയനോട്ടം."

ഗ്രന്ഥകൎത്താ: ജി. എസ്സ്. കണ്ണനാശ്ശേരിൽ. വില രണ്ടണ.

ഈ ഖണ്ഡകാവ്യം എഴുതുന്നതിലേക്കു ഗ്രന്ഥകൎത്താവിനെ പ്രേരിപ്പിച്ച മുഖ്യസംഗതി വി. എമരീച്ച അന്നകത്രീനായുടെ "വ്യാകുലപങ്കപ്പാടു" എന്ന കഷ്ടാനുഭവധ്യാനപരമായ പുസ്തകപാരായണം നിമിത്തം "ഹൃദയാന്തർഭാഗത്തു ബാല്യത്തിലെ സ്ഥലം പിടിച്ചുപോയ ചില ചെറുചിന്തകളുടെ മന്ദമായ മാറ്റൊലി"യാണെന്നു കാണുന്നു. പത്രോസു ക്രിസ്തുവിനെ അറിയുകയില്ലെന്നു മൂന്നു പ്രാവശ്യം ഉപേക്ഷിച്ചു പറഞ്ഞതും ക്രിസ്തു പത്രോസിനെ പിന്തിരിഞ്ഞു നോക്കിയതും ആ മഹനീയനോട്ടം പത്രോസിൽ ഉളവാക്കിയ പശ്ചാത്താപത്തേയുമാണു ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ സരസമായി വൎണ്ണിച്ചിരിക്കുന്നതു്. കവിയുടെ ആദ്യകൃതിയായ ഈ ഖണ്ഡകാവ്യത്തിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം നല്ലവണ്ണം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു. മൂക്കന്നൂർ അനാഥശാലാഡിപ്പോ മാനേജരോടു ആവശ്യപ്പെട്ടാൽ ഈ പുസ്തകം കിട്ടുന്നതാണ്.

൪. "നവഗാനങ്ങൾ."

ഗ്രന്ഥകൎത്താ: പ്രൊഫസ്സർ കെ. ജെ. അഗസ്റ്റിൻ എം. എ., എൽ. ററി.

ഗ്രന്ഥകൎത്താവു പലപ്പോഴായി എഴുതിയിട്ടുള്ള ഗാനങ്ങളിൽനിന്നു തെരിഞ്ഞെടുത്തു അച്ചടിപ്പിച്ചിട്ടുള്ളതാണു പ്രസ്തുത പുസ്തകം. 'എണ്ണം കൊണ്ടുമാത്രമല്ല, രീതികളുടെ നവ്യതകൊണ്ടും അനന്യത്ഥങ്ങളാണു്' "നവഗാനങ്ങൾ." പുതിയ പുതിയ വൎണ്ണമട്ടുകളിലുള്ള ഭക്തിസംവൎദ്ധകങ്ങളായ ഗാനങ്ങൾ മാതൃഭാഷയിൽ ഇല്ലെന്നുള്ള പോരായ്മയെ പരിഹരിക്കാനുള്ള ശ്രീമാൻ കെ. ജെ. അഗസ്റ്റിൻ അവർകളുടെ ശ്രമം സഫലമായിട്ടുണ്ടു്. ഈ പുസ്തകം ഒരണ വിലയ്ക്കു ചാത്യാത്ത് സെയിന്റു ജോസഫ്സ് വേദപ്രചാരണ സംഘം ആപ്പീസിൽ കിട്ടുന്നതാണ്.

൫. "ഈ 'യുക്തിവാദി'പെട്ടപാട്." ൬. "ജൂബിലി ജപമഞ്ജരി."

എറണാകുളം കത്തോലിക്കാ സാഹിത്യനിലയം വക പ്രസദ്ധീകരണങ്ങൾ ഇപ്പോൾ ഒട്ടുമിക്ക കേരളീയ കത്തോലിക്കൎക്കും സുപരിചിതങ്ങളായിത്തീൎന്നിട്ടുണ്ടു്. അവയിൽ പലതും ഞങ്ങൾ ഈ പംക്തികളിൽ വിമൎശിച്ചിട്ടുള്ളതാണ്. സന്ദൎഭോചിതങ്ങളായ പുസ്തകങ്ങൾ യഥാകാലം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള മി. കെ. എ. പോളിന്റെ സാമൎത്ഥ്യം ഒന്നു വേറെതന്നെയാണ്, ചുരുങ്ങിയ വില (൬ പൈ) മാത്രം വെച്ചിട്ടുള്ള ഈ രണ്ടു ചെറുപുസ്തകങ്ങളും ഇക്കാലസ്ഥിതിക്കു പൊതുജനങ്ങളുടെ ഇടയിൽ ധാരാളം പ്രചരിപ്പിക്കേണ്ടതാണ്. "യുക്തിവാദി"കളു

ളെ ചിന്താഗതിയും യുക്തിഹീനതയും "ഈ 'യുക്തിവാദി' പെട്ട പാട്" വായിക്കുന്നവൎക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. വിനോദവും വിജ്ഞാനവും ഒരേസമയത്തു പ്രദാനംചെയ്യുന്ന ഒരു ചെറുകഥയാണു ഇതു്. "ജൂബിലി ജപമഞ്ജരി"യേക്കുറിച്ചുള്ള ഒരു വിജ്ഞാപനം അന്യത്ര ചേൎത്തിട്ടുണ്ടു.

## കുറിപ്പുകൾ.

തെക്കെ അമേരിക്കയിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്തവിധം ഉത്തേജജനകമായി ബ്യൂനോസ് അയേഴ്സിൽവെച്ചു ഈ ഒക്ടോബർ ൧൪-ാം തീയതി സൎവ്വരാജ്യദിവ്യകാരുണ്യകോൺഗ്രസ് സമ്മേളനം സമംഗളം പൎയ്യവസാനിച്ചിരിക്കുന്നു. ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കിനു കത്തോലിക്കർ ഇതിൽ സംബന്ധിച്ചിരുന്നു. പലേർമോ പാൎക്കിൽവെച്ചു പൊന്തിഫിക്കൽ പാട്ടുകുൎബ്ബാനയോടുകൂടിയാണു് കോൺഗ്രസ്സ് അവസാനിച്ചതു്. ദിവ്യപൂജ സമൎപ്പിച്ചതു പേപ്പൽ പ്രതിനിധിയായ കൎദ്ദിനാൾ പച്ചെല്ലിയായിരുന്നു. ൭൦,൦൦൦-ൽ പരം ജനങ്ങൾ ഉച്ചഭാഷിണിമൂലം ദിവ്യപൂജയിലെ തിരുവാക്യങ്ങൾ വ്യക്തമായി കേട്ടിരുന്നു. കൎദ്ദിനാൾ പച്ചേലി മാൎപ്പാപ്പായുടെ ആശീൎവ്വാദം നല്കി. അതിനുശേഷം ദേശീയ വിഭാഗങ്ങൾ കൊടികളും പിടിച്ചു നഗരത്തിലെ തെരുവീഥികളിൽകൂടി ഘോഷയാത്ര നടത്തി.

കാസ്റ്റൽ ഗൊൺഡോൾഫോയിലെ ൭൦൦ പൌരന്മാർ അവരുടെ ഇടവകവികാരിയുടെയും മേയറിൻെറയും നേതൃത്വത്തിൽ പരിശുദ്ധ പിതാവിനെ സന്ദൎശിച്ചിരിക്കുന്നു. ഈ സന്ദൎശകസംഘത്തിൽ ആ പ്രദേശത്തെ എല്ലാത്തരക്കാരായ തൊഴിൽകാരുടെയും പ്രതിനിധികൾ ഉണ്ടായിരുന്നു. അവർ തങ്ങളോടുകൂടി തങ്ങളുടെ പ്രയത്നഫലങ്ങളുടെ മാതൃകകൾ പരിശുദ്ധ പിതാവിനു സമൎപ്പിക്കുന്നതിനായി കൊണ്ടുപോയിരുന്നു. ഇരിമ്പുവേലക്കാർ അവരുടെ കരകൌശലഫലമായ ക്രോഞ്ച് വിളക്കുകളും, ഹിമവ്യവസായശാലക്കാർ ഒരു മഞ്ഞുകട്ടയും, മുക്കുവന്മാർ തങ്ങൾ പിടിച്ചിട്ടുള്ള എല്ലാത്തരം മത്സ്യങ്ങളുടെയും മാതൃകകളും കൊണ്ടുവന്നിരുന്നു. വൎദ്ധസ്ത്രീകൾ വീടുകളിലുണ്ടാക്കുന്ന കേക്കുകളും ബിസ്കറ്റുകളും പല കൊട്ടകളിലായി പഴങ്ങളും കൊണ്ടുവന്നിരുന്നു. ഇവർ ഒരു ഘോഷയാത്രയായിട്ടാണു് വന്നതു്. പരിശുദ്ധ പിതാവു അവരുടെമദ്ധ്യേ എഴുന്നെള്ളിത്താമസിക്കുവാൻ തിരുമനസ്സായതിലും, അവിടത്തെ തൊഴിലാളികൾക്കു ജോലിയുണ്ടാക്കികൊടുത്തതിലും തദ്ദേശവാസികൾക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുന്ന ഒരു മംഗളപത്രം ഒരു ഈയപ്പണിക്കാരൻ വായിച്ചു സമൎപ്പിച്ചു. അവരോടു ചെയ്ത പ്രസംഗത്തിൽ കൈവേലയുടെ മാഹാത്മ്യത്തെ തിരുമനസ്സുകൊണ്ടു ഉന്നിപ്പറയുകയും, അതു് ഈശോയാൽ മഹത്വീകരിക്കപ്പെട്ടതാകയാൽ തനിക്കേററവും പ്രിയപ്പെട്ടതാണെന്നു പ്രസ്താവിക്കുകയുംചെയ്തു.

റെവ. ഇ. വി. ഗിൽബർട്ടു എം. എ. എന്ന ആംഗ്ലിക്കൻ വൈദികൻ ഈയിടെ കത്തോലിക്കസഭ സ്വീകരിച്ചിരിക്കുന്നു.

ഇൻഡ്യയുടെയും ബ്രഹ്മയുടെയും അതിർത്തിയിലും ഹിമാലയപർവ്വതത്തിന്റെ ഒരു താഴ്വരയിലും സമുദ്രനിരപ്പിൽനിന്നു ൩൨൦൦ അടി പൊക്കത്തിലുമുള്ള ഒരു സ്ഥലത്തു ഒരു കുഷ്ഠരോഗാശുപത്രി പണിയുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇതിൽ പതിനായിരം രോഗികൾക്കു താമസിക്കാൻ സൌകര്യമുണ്ടായിരിക്കും.

---

തൃശ്ശൂർനിന്നു ൧൨ നാഴിക വടക്കു പടിഞ്ഞാറു ചാവക്കാട്ടിനു സമീപമുള്ള ബ്രഹ്മകുളം പള്ളി ഇടവക പോട്ടന്നൂർ ഔസേപ്പു ചാക്കുവിന്റെ അമ്മ മറിയം തന്റെ ൭൦-ാമത്തെ വയസ്സിൽ അന്ത്യക്രമങ്ങളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു ൧൯൨൫ സെപ്റ്റമ്പർ ൩൰ാംനു വ്യാഴാഴ്ച രാത്രി ൧൦ മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച വിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. വിശ്വാസികൾ ഈയാളുടെ ആത്മാനുകൂലാർത്ഥം പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

പള്ളുരുത്തി ലത്തീൻപള്ളിയിടവക കാഞ്ഞിരപ്പറമ്പിൽ അഗസ്റ്റിൻ ഭാര്യ മറിയം ഇക്കഴിഞ്ഞ ഒക്ടോബർ ൪ാംനു ൪൦-ാമത്തെ വയസ്സിലും, കൊണ്ടുരുത്തി പള്ളി ഇടവക മാളിയക്കൽ ലോനൻ വക്കി ഒക്ടോബർ ൧൭-ാംനു ൪൩ ാമത്തെ വയസ്സിലും നിര്യാതരായിരിക്കുന്നു. പരേതരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

---


# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു തൂപാത്തൂക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിന് ക. ൩.

സുഖരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൨.

അശോകബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൨ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. ൭.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീർത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉതക്കിക്കളഞ്ഞു സമ്പൂർണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്ന എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന 1 ക. 8 ണ; 1 ഡജന 16 ക. 8 ണ; 4 ഔൺസിന 14 ണ; 1 ഡജന 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വർണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിന 3 ക 8 ണ. ചെറിയ കുപ്പി 1 ക്ക 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീർണ്ണകോശക്രമക്കേടുകൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന 8 ണ; 1 ഔൺസിന 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളച്ച, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീററൽ ഇവയെല്ലാം ഗൃഹഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ് കരൾ ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിന പുഷ്ടിയും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന സംശയമില്ല. വില 8 ഔൺസിന 3ക. 8ണ. ചെറിയ കുപ്പി 1ക്ക 1ക. 14ണ.

**RINGWORM BALM.** ത്വക്‌രോഗത്തിന

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴക്കടി, തഴുതണം, വരടചൊറി, ചിരങ്ങ്, വ്രണം, പുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്നു 5 ണ; 1 ഡജന 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാർക്ക അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ | തുലാം - വൃശ്ചികം. | | നവമ്പർ ൧൯൩൪. |
|---|---|---|---|
| ൧൬ | 1 | വ്യാ. | ✠ സകല പരിശുദ്ധർ. |
| ൧൭ | 2 | വെ. | സകല മരിച്ച വിശ്വാ. |
| ൧൮ | 3 | ശ. | വി. മലാക്കി. |
| ൧൯ | 4 | ഞാ. | ✠ വി. കാർളോസ്. |
| ൨൦ | 5 | തി. | വി. സക്കറിയ. |
| ൨൧ | 6 | ചൊ. | വി. ലെഓനാർഡ്. |
| ● | 7 | ബു. | വി. പ്രോസദോച്ചിമൂസ്. |
| ൨൩ | 8 | വ്യാ. | വി. ദെവൂസ്ദെദിത്ത്. |
| ൨൪ | 9 | വെ. | വി. ഒരേസ്തേസ് |
| ൨൫ | 10 | ശ. | വി. അന്ത്രയോ: അവെ. |
| ൨൬ | 11 | ഞാ. | ✠ വി. മർത്തീനോസ് മെ. |
| ൨൭ | 12 | തി. | വി. മർത്തീനാസു പാ. |
| ൨൮ | 13 | ചൊ. | വി. സ്തനിസ്ലാവോസ്. |
| ൨൯ | 14 | ബു. | വി. ജോസാഫാത്ത് മെ. |
| ൩൦ | 15 | വ്യാ. | വി. ജൽത്രൂദ്. |
| ൧ | 16 | വെ. | വി. എഡ്മൻഡ്. |
| ൨ | 17 | ശ. | വി. ഗ്രിഗോറി തൌ. |
| ൩ | 18 | ഞാ. | ✠ വി. റൊമാനൂസ്. |
| ൪ | 19 | തി. | വി. എലിസബേത്ത്. |
| ൫ | 20 | ചൊ. | വി. ഫേലിക്ക്സ്. |
| ○ | 21 | ബു. | എ. ഭാ. ക. മറി. കാഴ്ചവെപ്പ്. |
| ൭ | 22 | വ്യാ. | വി. ചിച്ചിലിയാ ക |
| ൮ | 23 | വെ. | വി. ക്ലെമൻറു പാ. |
| ൯ | 24 | ശ. | വി. യോഹ. ക്രൂസ്. |
| ൧൦ | 25 | ഞാ. | ✠ വി. കത്രീനാ. |
| ൧൧ | 26 | തി | വി. പത്രോസു മെ. |
| ൧൨ | 27 | ചൊ. | വി. യാക്കോബ്. |
| ൧൩ | 28 | ബു. | വി. റൂഫസ് |
| ൧൪ | 29 | വ്യാ. | വി സത്തൂർനീനൂസ് (ഇ വി.) |
| ൧൫ | 30 | വെ. | വി. അന്ത്രയോസു ശ്ലീ. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA. ERNAKULAM. S. INDIA.